Si-4271585-2025
20/09/2025

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951


20/09/2025

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAMPM 07/1625/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയതി: 10/09/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 07/1625/2025

തീയ്യതി: 10/09/2025

## മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2024 മുതൽ 16-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശറഫ് പെരുമ്പള്ളി | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2025 | 26-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2025 | 26-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സക്കീർ ഹുസൈൻ. പി, ഓഡിറ്റ് ഓഫീസർ

ശ്രീ.അമീൻ ഫൈസൽ. ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. സുജാത.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജാസിം, എൻ. വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പൊന്നമ്മ. വി. എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ഷാനിർ. കെ | സെക്രട്ടറി | 01-04-2024 | 23-09-2024 |
| ശ്രീമതി. മെയ്ദിനി പി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2024 | 08-10-2024 |
| ശ്രീമതി. അസീന ചെറുപള്ളിക്കൽ | സെക്രട്ടറി | 09-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജ്യോതിഷ്. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീമതി. മെയ്ദിനി പി.എം | അസിസ്റ്റന്റ് സെക്രട്ടറി | 19-09-2024 | 31-03-2025 |
| ശ്രീമതി. ആശ കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. നിഷ. കെ | വി.ഇ.ഒ | 01-04-2024 | 16-11-2024 |
| ശ്രീമതി. ബേനസിർ പി കെ | വി.ഇ.ഒ | 17-11-2024 | 31-03-2025 |
| ശ്രീമതി. ബിജുല ബാലൻ | കൃഷി ഓഫീസർ | 01-04-2024 | 09-12-2024 |
| ശ്രീമതി. ലനീഷ എം | കൃഷി ഓഫീസർ | 10-12-2024 | 15-12-2024 |
| ശ്രീമതി. ആതിര ജി മേനോൻ | കൃഷി ഓഫീസർ | 16-12-2024 | 03-02-2025 |
| ശ്രീ. ഷമീർ വി എം | കൃഷി ഓഫീസർ | 04-02-2025 | 31-03-2025 |
| ഡോ. ഷാജി.കെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ. സ്വപ്നമോൾ പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ. ഷമീമ കെ. പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ. ഫസീഹ റഹ്മാൻ. വി | ഹെഡ്മാസ്റ്റർ | 01-04-2024 | 14-06-2024 |
| ഒഴിവ് | ഹെഡ്മാസ്റ്റർ | 15-06-2024 | 18-06-2024 |
| ശ്രീ. ശങ്കരനുണ്ണി | ഹെഡ്മാസ്റ്റർ | 19-06-2024 | 31-03-2025 |
| ശ്രീ. അൻവർ കെ പി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. സിദ്റത്തുൽ മുൻതഹ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ദിവ്യ ജി. എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൾ കാസിം. സി | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | | 1-1 |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-4 |
| 5 | വാടക ഡിപ്പോസിറ്റ് | 1-1-5 |
| 6 | ലേല ഡിപ്പോസിറ്റ്. | 1-1-6 |
| 7 | ദശാംശ രൂപത്തിൽ തുകകൾ ഉൾപ്പെടുത്തുന്നു. | 1-2 |
| 8 | ബജറ്റ് | 1-3 |
| 9 | സാമ്പത്തിക വിശകലനം | 1-4 |
| 10 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 |
| 11 | പദ്ധതി അവലോകനം | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 13 | ക്ഷേമപെൻഷൻ | 1-8 |
| 14 | ക്യാഷ് വെരിഫിക്കേഷൻ. | 1-9 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 17 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗം | 1-12 |
| 18 | ജൽജീവൻ മിഷൻ പദ്ധതി - വിലയിരുത്തൽ | 1-13 |
| 19 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-14 |
| 20 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 21 | ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയില്ല | 1-16 |
| 22 | വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി കുടിശ്ശിക | 1-17 |
| 23 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പല് അളവ് കണക്കാക്കി തുക നൽകിയതിൽ പിഴവ് . | 1-18 |
| 24 | സ്ട്രീറ്റ് മെയിൻ വലിക്കൽ - പൂർത്തീകരണ വിവരം ഇല്ല. | 1-19 |
| 25 | പൊതു മരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരണ വിവരം ഇല്ല. | 1-20 |
| 26 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ഇല്ല. | 1-21 |
| 27 | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് - മുൻകൂർ തുക ക്രമീകരിച്ചില്ല. | 1-22 |
| 28 | വാടക ഡെപ്പോസിറ്റ് സംബന്ധിച്ച വിവരം ഇല്ല | 1-23 |
| 29 | കണ്ണത്ത് മിനി സ്റ്റേഡിയത്തിൽ ഓപ്പൺ ജിം | 1-24 |
| 30 | ജലനിധി പഞ്ചായത്ത് വിഹിതം - പൂർത്തീകരണ വിവരം ഇല്ല. | 1-25 |
| 31 | വായനശാലകൾക്കു ഫർണിച്ചർ - പൂർണമായും വിതരണം ചെയ്തില്ല | 1-26 |
| 32 | ലൈബ്രറിയുടെ പ്രവർത്തനം ഫലപ്രദമല്ല. | 1-27 |
| 33 | പരിരക്ഷക്ക് മരുന്ന് - മുൻകൂറായി തുക നൽകി -മുഴുവൻ തുകക്കുള്ള മരുന്നുകൾ ലഭ്യമായില്ല. | 1-28 |
| 34 | വിൽസ് സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തുന്നില്ല. | 1-29 |
| 35 | മുൻകൂർ തുക നൽകി- ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയില്ല. | 1-30 |
| 36 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക തുക നൽകി - 50430 രൂപ നഷ്ടം | 1-31 |
| 37 | പുറമ്പോക്ക് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. | 1-32 |
| 38 | പഞ്ചായത്ത് കാര്യാലയം നവീകരണം - പൊളിച്ച് മാറ്റിയ വസ്തുക്കൾ ലേലം ചെയ്തില്ല | |

| | | |
|---|---|---|
| 39 | കിണറിന് നെറ്റ് - അധികം നൽകിയ 9366/- രൂപ തിരിച്ചടവാക്കി. | 1-33 |
| 40 | ചെയ്യാത്ത പ്രവൃത്തികൾക്ക് പണം നൽകി. | 1-34 |
| 41 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-35 |
| 42 | മൂന്ന് കോടി രൂപയുടെ മെയ്ന്റനൻസ് ഗ്രാന്റ് ലാപ്സായി. | 1-36 |
| 43 | സൗരോർജ്ജ വേലി നിർമ്മാണത്തിന് സഹായം-തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. | 1-37 |
| 44 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത. | 1-38 |
| 45 | ഇൻവോയ്സ് പ്രകാരമുള്ള 15006 രൂപയുടെ മരുന്ന് സ്റ്റോക്കിലില്ല. | 1-39 |


## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം. | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.05.2025 തീയതിയിലെ 5(3)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വാർഷിക ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

മലപ്പുറം

തീയതി :

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62 (2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ മൂല്യം ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ (B-11 Schedule) ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ വർഷത്തിൽ രണ്ട് പ്രാവശ്യമാണ് [Example_ Property Tax (Residential)_ Jv No 42400015/02.04.2024 &42401386] തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 വാടക ഡിപ്പോസിറ്റ്

ബാലൻസ് ഷീറ്റിൽ Rent Deposit (340200101) ഇനത്തിൽ ബുക്ക് ചെയ്തിട്ടുള്ള 54000/- കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുന്നതല്ല.

### 1-1-5 ലേല ഡിപ്പോസിറ്റ്.

ബാലൻസ് ഷീറ്റിൽ Auction Deposit (340200102) ഇനത്തിൽ ബുക്ക് ചെയ്തിട്ടുള്ള 183000/- കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുന്നതല്ല.

### 1-1-6 ദശാംശ രൂപത്തിൽ തുകകൾ ഉൾപ്പെടുത്തുന്നു.

കേരള അക്കൗണ്ട്സ് റൂൾസ്-2011 -ചട്ടം 62(4) പ്രകാരം വാർഷിക കണക്കിലെ തുകകൾ പൂർണസംഖ്യയായി മാത്രം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ദശാംശ രൂപത്തിൽ തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 07.02.2024 | 3(1)- 03.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 79134064 |
| വരവ് | 119575092 |
| ആകെ | 198709156 |
| ചെലവ് | 120799638 |
| നീക്കിയിരിപ്പ് | 77909518 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 33313471 | 33313471 | 33309504 | 3967 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 7206502 | 7206502 | 6981734 | 224768 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 562684 | 562684 | 556358 | 6326 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 42817000 | 42817000 | 14937169 | 27879831 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 9625000 | 9625000 | 7410210 | 2214790 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Tied) | 0 | 16837170 | 16837170 | 8713850 | 8123320 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 7640083 | 7640083 | 6843299 | 796784 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 409 | 353386194 | 230 | 169307361 | 0 | 179 | 56% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 2264064 | 2264064 | 2264064 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39050646 | 39050646 | 39050646 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 3444800 | 203 |
| വിധവാ പെൻഷൻ | 25448300 | 1651 |
| വാർദ്ധക്യകാല പെൻഷൻ | 45524600 | 3139 |
| വികലാംഗ പെൻഷൻ | 9322600 | 596 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1417200 | 96 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2025 ന് 11.15 A.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയതിൽ 11,268/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ടർഫുകൾക്ക് വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല . മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

3) ഗ്രാമ പഞ്ചായത്ത് ഹാൾ നവീകരണത്തിന്റെ ഭാഗമായി ഒഴിവാക്കിയതും എന്നാൽ പുനരുപയോഗിക്കാവുന്നതുമായ മെറ്റീരിയലുകൾ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് കൂട്ടിയിട്ടിയിരിക്കുന്നതായി കാണുന്നു. ആയത് ലേലം ചെയ്ത് ഒഴിവാക്കിയിട്ടില്ല.

4) സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ച വാട്ടർ ഫിൽട്ടർ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഫിൽട്ടറിൽ എയർ രൂപപ്പെട്ട് വെള്ളം ലഭ്യമാകാത്ത അവസ്ഥയിലാണ്. ആയത് പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.1.2023 | 01.11.22 മുതൽ 31.12.22 വരെ | 6.1.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2019 മുതൽ 05.04.2019 വരെ | 2013 -2014 മുതൽ 2017-18 വരെ | 20.05.2019 |

## 1-11 ഹെൽത്ത് ഗ്രാന്റ് – വിനിയോഗം

2024-25 വർഷ ഓഡിറ്റിൽ പൊതു വിഷയമായി ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പരാമർശം ഉൾപ്പെടുത്താൻ ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച്)

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | | 416616 | 243883 | 660499 |
| 2022-23 | | 1231000 | 496000 | 1727000 |
| 2023-24 | | 514000 | 790000 | 1304000 |
| 2024-25 | | - | - | |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | | 182660 | 159113 | 341773 |
| 2022-23 | | - | - | - |
| 2023-24 | | - | - | - |
| 2024-25 | | - | - | - |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 2022-23 | 184/23 പാന്ത്ര ആരോഗ്യ ഉപകേന്ദ്രം | 697683 | തുക വിനിയോഗിച്ചത് 2024-25 ൽ |
| 2023-24 | 333/24 പുൽവെട്ട ആരോഗ്യ ഉപകേന്ദ്രം കെട്ടിടം | 2775000 | തുക വിനിയോഗിച്ചത് 2024-25 ൽ |

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം. (പദ്ധതികളുടെ പേര് വിവരം, ചെലവഴിച്ച തുക, മുൻ വർഷങ്ങളിൽ പൂർത്തിയായ പദ്ധതി ഉൾപ്പെടെ)

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 2022-23 | 184/23 പാന്ത്ര ആരോഗ്യ ഉപകേന്ദ്രം | 697683 | തുക വിനിയോഗിച്ചത് 2024-25 ൽ |
| 2023-24 | 333/24 പുൽവെട്ട ആരോഗ്യ ഉപകേന്ദ്രം കെട്ടിടം | 2775000 | തുക വിനിയോഗിച്ചത് 2024-25 ൽ |

6) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമിച്ച ആസ്തികളുടെ വിവരം. : പുൽവെട്ട ആരോഗ്യ ഉപകേന്ദ്രം കെട്ടിടം ഓഡിറ്റ് അന്വേഷണത്തിന് (1/17-6-25) ലഭിച്ച മറുപടിയെ ആസ്പദമാക്കിയുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 1-12 ജൽജീവൻ മിഷൻ പദ്ധതി - വിലയിരുത്തൽ

കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2024 വർഷത്തോടുകൂടി കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കൾക്കും ലഭിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 2/17-06-25 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായ 15% വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല എന്ന് രേഖകളിൽ നിന്ന് വ്യക്തമാവുന്നു.

| വർഷം | കൈമാറിയ തുക |
|---|---|
| 2021-22 | 0 |
| 2022-23 | 0 |
| 2023-24 | 0 |
| 2024-25 | 0 |

2) പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2021-22 | 0 |
| 2022-23 | 0 |
| 2023-24 | 0 |
| 2024-25 | സെക്രട്ടറി നിർവഹണം നടത്തിയ 197/25 പ്രോജക്റ്റ് ജലനിധി പഞ്ചായത്ത് വിഹിതം നൽകൽ എന്നതാണ്. തനത് ഫണ്ട് മൂന്ന് ലക്ഷം രൂപയാണ് വകയിരുത്തിയത്. ചെമ്പൻ കുന്ന് ജലനിധി കുടിവെള്ള പദ്ധതിയുടെ തകർന്ന ടാങ്കിന് പകരം പുതിയ ടാങ്ക് നിർമിക്കുന്നതിന് പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പ്രോജക്റ്റ്. 45 ലക്ഷം രൂപയാണ് ടാങ്ക് നിർമാണ ചെലവ് എന്ന് വാട്ടർ അതോറിറ്റി രേഖകളിൽ നിന്ന് വ്യക്തമാവുന്നത്. ഇതിന്റെ അഞ്ച് ശതമാനം തുക തദ്ദേശ സ്ഥാപന വിഹിതവും പത്ത് ശതമാനം തുക ഗുണഭോക്തൃ വിഹിതവുമാണ്. തദ്ദേശ സ്ഥാപനത്തിന്റെ വിഹിതമായ 225000 രൂപയാണ് പ്രോജക്റ്റ് പ്രകാരം ജലനിധിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളത്. തുകയുടെ രസീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നും പരാമർശിച്ച് നൽകിയ 06/20.06.2025 ഓഡിറ്റ് എൻക്വയറിക്ക് തുക ഗ്രാമ പഞ്ചായത്തിന്റെ തന്നെ (ഈ അക്കൗണ്ട് വാർഷിക കണക്കിൽ KGB 108664 എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട് ) ജലനിധി സുസ്ഥിര അക്കൗണ്ടിലേക്ക് |

ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത് എന്നും പ്രവൃത്തി ഇ ടെണ്ടർ സ്റ്റേജിലാണ് എന്നും അറിയിച്ചു.

3) ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2021-22 | 0 |
| 2022-23 | 0 |
| 2023-24 | 0 |
| 2024-25 | 0 |

4) ജൽജീവൻ മിഷൻ പദ്ധതികളുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായ 15% തുക വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനായി 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പതിനഞ്ച് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 371/26ന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

5) തുക നൽകുന്നതിന് പ്രോജക്ട് 371/26 തയ്യാറാക്കിയിട്ടുണ്ട്. പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

6) തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, പൂർത്തിയായവ, പൂർത്തിയാകാത്തത്, ഭാഗികമായി പൂർത്തിയായത് എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രധാനമായും പൈപ്പ് ലൈൻ പ്രവൃത്തികൾ നടന്ന് വരുന്നുണ്ട് എന്ന് വ്യക്തമാകുന്നുണ്ട്.

7) ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ പഞ്ചായത്തിന് തുക ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ. 2/17-6-25)

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത് 2024 - 25 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചു. ചുവടെ കൊടുത്ത സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് | II |
| 2 | ഹയാത്ത് ഹോസ്പിറ്റൽ | I & II |
| 3 | ഹയാ മെഡിക്കൽ സെന്റർ | I & II |
| 4 | ബി.എസ്.എൻ.എൽ ഓഫീസ് കരുവാരക്കുണ്ട് | I & II |
| 5 | എ സി പി എ അക്കൌണ്ട്സ് ക്യാമ്പസ് | I & II |
| 6 | ജി-ടെക് കംപ്യൂട്ടർ എഡ്യൂക്കേഷൻ | I & II |
| 7 | കോർഡോവ കോളേജ് | I & II |
| 8 | കരുവാരക്കുണ്ട് നിധി ലിമിറ്റഡ് | I & II |
| 9 | വെൽത്ത് പ്ലസ് ചിട്ട് ഫണ്ട് | I & II |

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60

ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണയിക്കപ്പെട്ട നിരക്കുകളിൽ കുറയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം, വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 21 /2024-25 തീയതി 25.06.2025 ന് നൽകിയ മറുപടിയിൽ ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 3 ലെ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചു. ക്രമ നം. 5, 6, 8, 9 ലെ സ്ഥാപനങ്ങൾക്ക് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നോട്ടീസ് നൽകിയതായി അറിയിച്ചു. ക്രമ നം 1, 2, 4, 7 ലെ സ്ഥാപനങ്ങൾ നോട്ടീസ് ലഭിച്ചിട്ടും തൊഴിൽ നികുതി അടവാക്കിയില്ല എന്നും അറിയിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും (ക്രമ നം. 3 ഒഴികെ) ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

രജിസ്റ്റർ കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിലെ സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പരിശോധിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്ത സ്ഥാപനം 2024-25 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ / ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ഐ ലാൻഡ് ക്ലിനിക് | 20/ 263-H |
| 2 | ഒപ്റ്റിക്കൽ സിറ്റി ഐ ക്ലിനിക് | 10/606 |

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ : 22/25.06.2025 ന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്ട്രേഷൻ എടുക്കുന്നതിന് മേൽ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയതായി അറിയിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 270 (1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വകാര്യ ആശുപത്രി സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ആയി 200 രൂപയും ചട്ടം 5 (1) പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നതിലേക്ക് 50 രൂപയും സെക്രട്ടറി ഈടാക്കേണ്ടതാണ്. ആയതിനാൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയില്ല

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട പരിശോധനയിൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതായി കാണുന്നില്ല. എന്നാൽ പ്രദേശികമായ അന്വേഷണത്തിൽ പഞ്ചായത്തിൽ ടർഫുകൾ പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞു. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാരോട് അവർക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം.17/23.06.25/ 2024-25) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകളുടെ വിവരം ലഭ്യമാക്കി. അവയിൽ വസ്തു നികുതി ഡിമാന്റ് ചെയ്യാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടർഫിന്റെ പേര്, ഉടമയുടെ പേര് | വാർഡ്. നം | വാർഡ്, കെട്ടിട നമ്പർ (നൽകിയിട്ടുണ്ടെങ്കിൽ) | വാർഷിക വസ്തു നികുതി (ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | ക്യാമ്പ് നൗ ശ്രീ. റഷീദ് | 12 | അപേക്ഷ സമർപ്പിച്ചിട്ടില്ല | ഇല്ല | |
| 2 | ഒറക്കിൾ, ശ്രീ. ഷംസു | 10 | അപേക്ഷ സമർപ്പിച്ചിട്ടില്ല | ഇല്ല | |
| 3 | തൊണ്ടയിൽ ശ്രീ. മജീദ് | 11 | അപേക്ഷ സമർപ്പിച്ചിട്ടില്ല | ഇല്ല | നിലവിൽ പ്രവർത്തിക്കുന്നില്ല |

GO(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്. മേൽ ടർഫുകൾക്ക് കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. മേൽ ടർഫുകൾ

നിയമാനുസൃത നിർമ്മാണങ്ങളാണോ എന്ന് പരിശോധിച്ച് പ്രവർത്തനം തുടങ്ങിയത് മുതൽ ചട്ട പ്രകാരമുള്ള വസ്തു നികുതി കണക്കാക്കി പിരിച്ചെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി കുടിശ്ശിക

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി പിരിവ് വിവരങ്ങൾ പരിശോധിച്ചു . ചുവടെ കൊടുത്ത വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട് . എന്നാൽ യഥാസമയം പിരിച്ചെടുക്കാത്തതിനാൽ 2024 -25രണ്ടാം അർദ്ധവർഷം വരെ **185987/-** രൂപ ടി ഇനത്തിൽ കുടിശ്ശികയുണ്ട്. വിശദവിവരം ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം | ടവറിന്റെ പേര് | കെട്ടിട നം | കുടിശ്ശിക വർഷം | വാർഷിക നികുതി (നിലവിൽ) | ആകെ |
|---|---|---|---|---|---|
| 1 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | **5/518** | 2013-14മുതൽ2024-25 വരെ | 5834 | 109855 |
| 2 | **റിലയൻസ് കമ്മ്യൂണിക്കേഷൻ ടവർ ലിമിറ്റഡ്** | 10/592A | 2013-14മുതൽ2024-25 വരെ | 6304 | 35294 |
| 3 | ഇൻഡസ് ടവർ ലിമിറ്റഡ് | 10/618 | 2013-14മുതൽ2024-25 വരെ | 7294 | 40838 |
| | | | | | 185987 |

മേൽ വാർത്താ വിനിമയ ഗോപുരങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കി രസീത് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി – പല് അളവ് കണക്കാക്കി തുക നൽകിയതിൽ പിഴവ് .

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | : 249/25 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | : ₹1,000,000/-<br>(വികസന ഫണ്ട് ജനറൽ – 300000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 400000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 300000/- ) |
| ആകെ ചെലവ് | : ₹499920/-<br>(വികസന ഫണ്ട് ജനറൽ – 249920/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 250000/-) |
| നിർവ്വഹണം | : ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| BRN | : 1) 24151352030301132134 ; 06.01.2025; RS. 114840<br>2) 24151352030301132130 ; 06.01.2025; RS. 133581<br>3) 24151352030301316055 ; 12.02.2025; RS. 80763<br>4) 24151352030301357801 ; 20.02.2025; RS. 88590<br>5) 24151352030301442830 ; 06.03.2025; RS. 8091<br>6) 24151352030301544835 ; 15.03.2025; RS. 5024<br>7) 24151352030301544829 ; 15.03.2025; RS. 38479<br>8) 24151352030301634615 ; 22.03.2025; RS. 30552 |

കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്റ്റ് നം. 249/25 ) പദ്ധതിയിൽ ക്ഷീരസഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് പഞ്ചായത്തിൽ നിന്നും കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി നൽകാവുന്നതാണ്. ആയതിലേക്ക് കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് വിഹിതമായി മൂന്ന് ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നാല് ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി മൂന്ന് ലക്ഷം രൂപയും വകയിരുത്തി അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിലെ തരിപ്രമുണ്ട ക്ഷീരസംഘം **സെക്രട്ടറി** 2024 ഏപ്രിൽ മുതൽ നവംബർ മാസം വരെ ഉള്ള പാലളവ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. ക്രമ നം 1 BRN പ്രകാരം ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുക കൈമാറിയ തരിപ്രമുണ്ട ക്ഷീരസംഘം അംഗങ്ങളായ നാല് ഗുണഭോക്താക്കൾക്ക് ലിറ്ററിന് 3 രൂപ നിരക്കിൽ തുക കണക്കാക്കിയതിൽ അപാകതകൾ കണ്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | ഏപ്രിൽ മുതൽ നവംബർ വരെയുള്ള പാലളവ് ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സപ്തംബർ | ഒക്ടോബർ | നവംബർ | ആകെ (ലി.) | നൽകിയ തുക | നൽകേണ്ട തുക (3 രൂപ/ലി) | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഷൈലജ തേങ്ങാപ്പറമ്പിൽ | 259.3 | 134.9 | 93 | 55.5 | 70.7 | 122.1 | 246.5 | 250.4 | 1232.4 | 2208 | 3697 | 1489 |
| 2 | ആമിന ഉവ്വൂർക്കാട്ടിൽ | 476.8 | 499.9 | 487.1 | 526.9 | 432.9 | 275.3 | 364 | 102.5 | 3165.4 | 8397 | 9496 | 1099 |
| 3 | അനിത മച്ചിങ്ങൽ | 94.1 | 238.8 | 207.4 | 213.4 | 194.6 | 184.5 | 190.3 | 150.5 | 1473.6 | 3399 | 4421 | 1022 |
| 4 | മോഹൻദാസ് വള്ളോലി | 390.2 | 481.6 | 439.2 | 321.2 | 310.9 | 236.8 | 324.5 | 317.6 | 2822 | 6540 | 8466 | 1926 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/26.06.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷീരകർഷകർക്ക് അർഹമായ തുക അവരുടെ അക്കൗണ്ടിലേക്ക് ലഭിക്കുവാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സ്ട്രീറ്റ് മെയിൻ വലിക്കൽ - പൂർത്തീകരണ വിവരം ഇല്ല.

സെക്രട്ടറി നിർവഹണം നടത്തിയ 291/24 പ്രോജക്റ്റ് സ്ട്രീറ്റ് മെയിൻ വലിക്കൽ എന്നതാണ്. പ്ലാൻ ഫണ്ട് ജനറൽ പതിനഞ്ച് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. വൈദ്യുതി ബോർഡിന്റെ എസ്റ്റിമേറ്റ് തുക 1499201 രൂപയാണ്. എന്നാൽ, ട്രഷറി നിയന്ത്രണം വന്നതിനാൽ ബിൽ പാസ്സാക്കാൻ സാധിക്കാതിരിക്കുകയും പ്രോജക്റ്റ് സ്പിൽ ഓവറായി തുടരുകയും ചെയ്തു. ഇതിനിടയിൽ , എസ്റ്റിമേറ്റ് തുക വൈദ്യുതി ബോർഡ് 1658982 രൂപയായി ഉയർത്തുകയും ചെയ്തതായി പ്രോജക്റ്റ് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

200/25 പ്രോജക്റ്റ് നിർവഹണത്തിനായി 263/25 സ്പിൽ ഓവർ പ്രോജക്ടിൽ പ്ലാൻ വിഹിതം 15 ലക്ഷം രൂപയും , പ്രോജക്ടിൽ എഫ്.സി ഗ്രാന്റ് 177900 രൂപയും 50000 രൂപ തനത് ഫണ്ടും ഉൾപ്പെടെ 227900 രൂപയും വകയിരുത്തിയിട്ടുണ്ട്.

പ്രോജക്റ്റ് നിർവഹണത്തിനായി അഞ്ച് ബില്ലുകളിലായി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള 1658982 രൂപ വൈദ്യുതി ബോർഡിൽ അടവാക്കിയിട്ടുണ്ട്.

| | |
|---|---|
| TRN 4557/8-11-24 | 4,80,000 |
| TRN 4690/18-11-24 | 4,90,000 |
| TRN 4737/22-11-24 | 4,90,000 |
| TRN 4859/29-11-24 | 40,000 |
| XVFC/24-25/P-22/5-12-24 | 1,58,982 |

07.12.2024 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വൈദ്യുതി ബോർഡിന് തുക അടവാക്കിയ വിവരം അറിയിച്ച് കൊണ്ട് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും വിനിയോഗ വിവരം ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ് എന്ന് 18/23.06.2025 എൻക്വയറി പ്രകാരം അവശ്യപ്പെട്ടിരുന്നു.

ലൈൻ വലിക്കൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട് എന്നും കൺട്രോൾ ബോക്സ്, ലൈൻ ചാർജിങ് എന്നിവ പൂർത്തീകരിക്കുന്നതിന് 33388 രൂപ കൂടി അടവാക്കാൻ വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടതായും മറുപടി ലഭിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 50000 രൂപ വകയിരുത്തി 2025-26 പദ്ധതിയിൽ 3763/26 പ്രോജക്റ്റ് തയ്യാറാക്കിയതായും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 പൊതു മരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരണ വിവരം ഇല്ല.

സെക്രട്ടറി നിർവഹണം നടത്തിയ രണ്ട് പ്രോജക്റ്റുകളിലായി പൊതു മരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് ഫയൽ പരിശോധനയിൽ പ്രവൃത്തി പൂർത്തിയാവുകയോ, വിനിയോഗ വിവരം ലഭിക്കുകയോ, പ്രവൃത്തി കരാർ ചെയ്ത വിവരവും ഇല്ല. ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 229/25 | പഞ്ചായത്ത് ഓഫീസിൽ സിസിടിവി നെറ്റ് വർക്ക് സിസ്റ്റം സ്ഥാപിക്കൽ. | 300000 | തനത് ഫണ്ട് | 5076/27.12.2024 |

| | | | |
|---|---|---|---|
| അടങ്കൽ – 3 ലക്ഷം | | | ട്രഷറി ചലാൻ വൗച്ചർ. 21701269/27-12-2024 |
| 374/25 ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ. അടങ്കൽ – 2 ലക്ഷം | 200000 | പ്ലാൻ ജനറൽ | 5487/26.12.2024 ട്രഷറി ചലാൻ വൗച്ചർ 21701258/26-12-2024 |

10/20.06.2025 ഓഡിറ്റ് എൻക്വയറി പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും പൊതു മരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം പാലക്കാട് ഓഫീസുമായി നിരന്തരം ഇത് സംബന്ധിച്ച് വിവരം ആരായുന്നുണ്ട് എന്നും ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-20 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ – പൂർത്തീകരണ വിവരം ഇല്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ 561/25 പ്രോജക്ട് ഗ്രാമ പഞ്ചായത്തിലെ മൂന്ന് എസ്. സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 4.5 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിൽ മൂന്ന് ബില്ലുകളിലായി 530991 രൂപ ചെലവുണ്ട്. ഈ തുക പ്രോജക്ട് നിർവഹണത്തിനായി അനർട്ട്, മലപ്പുറം എന്ന സ്ഥാപനത്തിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. (വൗച്ചർ നമ്പർ. 22401252/25-3-25- 405000, 22401270/26-3-25- 45000, 22401271/23-3-2025-80991)

വീട്ടിക്കുന്ന് നഗർ, നാഗത്താൻ കുന്ന് നഗർ, അമ്പാടൻ നഗർ എന്നീ സ്ഥലങ്ങളിലാണ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത്. 35W പവറുള്ള മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് 160906 രൂപ ചെലവും, 16009I രൂപ അഡ്മിൻ ചെലവും ഉൾപ്പെടെ 176997 രൂപയാണ് ഒരു യൂനിറ്റിന്റെ ചെലവ്.

തുക അനർട്ടിന് കൈമാറുകയും കരാർ വെക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

എസ്റ്റിമേറ്റിൽ പരാമർശിക്കുന്ന കപ്പാസിറ്റിയിൽ ഉള്ള മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ച് വിനിയോഗ, മൂല്യനിർണയ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ 09/20.06.2025 ഓഡിറ്റ് എൻക്വയറിക്ക് മൂന്ന് സ്ഥലങ്ങളിലും പ്രവൃത്തി പുരോഗമിച്ച് വരുന്നുണ്ട് എന്നും പൂർത്തീകരണ മൂല്യനിർണയ രേഖകൾ പ്രവൃത്തി പൂർത്തിയാക്കുന്ന മുറക്ക് ലഭ്യമാക്കുന്നതാണ് എന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകി.

എസ്റ്റിമേറ്റിൽ പരാമർശിക്കുന്ന വിധത്തിലുള്ള പ്രവൃത്തി പൂർത്തിയാക്കിയ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-21 ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് – മുൻകൂർ തുക ക്രമീകരിച്ചില്ല.

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി.18 ഷെഡ്യൂൾ പ്രകാരം 37730 രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ അസറ്റ് ആയി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്ന മുൻകൂർ രജിസ്റ്റർ പരിശോധിച്ചു. ഈ തുക വളരെ വർഷങ്ങളായി തുടർന്ന് വരുന്നതാണ് എന്ന് വ്യക്തമായി. 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി 134 /18 പ്രോജക്ട് പറയക്കാട് എസ്.ടി കോളനി കുഴൽ കിണർ എന്ന പ്രവൃത്തിക്കായി മുൻകൂർ നൽകിയ 37730 രൂപയാണ് ഇത്.

കഴിഞ്ഞ ഏഴ് വർഷമായിട്ടും പ്രവൃത്തി പൂർത്തിയാക്കാനായിട്ടില്ല എന്നതാണ് വസ്തുത. പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്ത് നിയമ സാങ്കേതിക തടസ്സമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്. തുക തിരിച്ചടവാക്കിയ/പ്രവൃത്തി പൂർത്തികരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകത 14/23.06.2025 ഓഡിറ്റ് എൻക്വയറി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് എന്നും കുഴൽ കിണർ നിർമാണം, പ്ലാറ്റ് ഫോം സ്ഥാപിക്കൽ, വാട്ടർടാങ്ക്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നതാണ് പ്രോജക്ട് എന്നും 231/19 പ്രോജക്ടായി തുടർന്നുള്ള വർഷം അവശേഷിച്ച പ്രവൃത്തികൾ പൂർത്തിയാക്കുകയും ആകെ 145301 രൂപ ചെലവഴിച്ച് കോളനി വാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം നിർവഹിച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി അംഗീകരിക്കുന്നു. എന്നാൽ ഈ തുക നിലവിലും ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിൽ Advance To KWA എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്ന്

വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട് എന്നും ആയതിനാലാണ് വാർഷിക കണക്കിൽ തുടർന്ന് വരുന്നത് എന്നും അക്കൗണ്ടന്റ് എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരിച്ചു.

യുക്തമായ നടപടികൾ സ്വീകരിച്ച് ആവശ്യമായ തിരുത്തലുകൾ വാർഷിക കണക്കിൽ വരുത്തേണ്ടതാണ്.

## 1-22 വാടക ഡെപ്പോസിറ്റ് സംബന്ധിച്ച വിവരം ഇല്ല

നിലവിൽ ഗ്രാമ പഞ്ചായത്തിന് വാടകക്ക് നൽകാവുന്ന ആകെ കടമുറികൾ 30 ആണ്. ഇതിൽ ബസ് സ്റ്റാന്റ് കോംപ്ലക്സിൽ നിലവിലുള്ള 18 മുറികളും, പഞ്ചായത്ത് ഓഫീസിന് താഴെ മൂന്ന് മുറികളും , ഭവനം പറമ്പ് ഒരു മുറിയുമാണ് ഉള്ളത്. ഇത് കൂടാതെ ബസ് സ്റ്റാന്റ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ പുതിയതായി എട്ട് മുറികളും പൂർത്തിയായിട്ടുണ്ട്. ഇതിൽ ബസ് സ്റ്റാന്റ് കോംപ്ലക്സിൽ നിലവിലുള്ള മുറികളിൽ 4 എണ്ണം ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

പുതിയതായി നിർമാണം പൂർത്തിയാക്കിയ ഒന്നാം നിലയിലെ 8 കട മുറികൾ ലേലം ചെയ്ത് വാടകക്ക് നൽകാൻ സാധിച്ചിട്ടില്ല . അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയ മാസ വാടക 4834 പ്ലസ് ജി.എസ്.ടി യാണ്. ഇത് ഭരണ സമിതിയുടെ 26(4)/30.09.20204 യോഗം അംഗീകരിച്ചിട്ടുണ്ട്. പുതിയ കടമുറികളും , ഒഴിഞ്ഞ് കിടക്കുന്ന താഴത്തെ നിലയിലെ മൂന്ന് കടമുറികളും 20.12.2024, 30.01.2025, 18.03.2025 തിയ്യതികളിൽ ലേലം ചെയ്യു എങ്കിലും വാടകക്ക് ആരും ഏറ്റെടുത്തിട്ടില്ല എന്ന് വ്യക്തമാവുന്നു. വാടക കൂടുതലായതിനാൽ ആരും ഏറ്റെടുക്കാൻ തയ്യാറാവുന്നില്ല എന്നാണ് വ്യക്തമാവുന്നത്. വാടക രജിസ്റ്റർ, ലേല ഫയൽ, വാർഷിക കണക്ക് എന്നിവ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ബസ് സ്റ്റാന്റ് കോംപ്ലക്സിലെ റൂം നമ്പർ 15 അൻവർ സാദിഖ് കെല്ലിട്ടുമ്പൻ എന്ന വ്യക്തിയാണ് ലേലത്തിൽ എടുത്തിട്ടുള്ളത്. മാസ വാടക 2289 + ജി.എസ്.ടി 412 . ഈ വാടക്കാരൻ 2024 -25 വർഷവും വാടക അടവാക്കാൻ അവശേഷിക്കുന്നതായി രജിസ്റ്റർ പരിശോധനയിൽ വ്യക്തമാവുന്നു. 2023-24 വർഷവും വാടക അടവാക്കിയിട്ടില്ല എന്നകാര്യം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കടിശ്ശിക തുക 26160 . കടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നിലവിൽ വാടകക്ക് നൽകിയിട്ടുള്ള റൂമുകളുടെ ലേല സമയത്ത് ഈടാക്കിയ ഡെപ്പോസിറ്റ് തുക എത്ര എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് Balance Sheet B7 ഷെഡ്യൂൾ പ്രകാരം റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ കേവലം 54000 രൂപയാണ് ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്. ഓക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 183000 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. വാടകക്കാർ റൂം ഒഴിയുന്ന അവസരത്തിലും , വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന അവസരത്തിലും ഡെപ്പോസിറ്റ് അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. വാടകക്കാരിൽ നിന്ന് ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ശേഖരിച്ച് രജിസ്റ്റർ / ഫയൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

3. നിയമപരവും , പ്രായോഗികവുമായ നടപടികൾ സ്വീകരിച്ച് , ബസ് സ്റ്റാന്റ് കോംപ്ലക്സിലെ റൂമുകൾ വാടകക്ക് നൽകാൻ നടപടികൾ ഉണ്ടാവേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 30/26.06.2025 പ്രകാരം അപാകത സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

വാടക , വാടക ഡെപ്പോസിറ്റ് , വാർഷിക കണക്കിലെ വാടക ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വ്യക്തമായ വിവരങ്ങൾ ശേഖരിക്കുന്നതാണ് എന്ന് എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരണം നൽകി.

തുടർ നടപടികൾ നിരീക്ഷിക്കുന്നതാണ്.

## 1-23 കണ്ണത്ത് മിനി സ്റ്റേഡിയത്തിൽ ഓപ്പൺ ജിം

376/25 കണ്ണത്ത് മിനി സ്റ്റേഡിയത്തിൽ ഓപ്പൺ ജിം എന്ന പ്രോജക്ട് സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ടാണ്. പൊതു വിഭാഗം സാധാരണ വിഹിതം രണ്ട് ലക്ഷം രൂപയും തനത് ഫണ്ട് രണ്ട് ലക്ഷം രൂപയും ഉൾപ്പെടെ നാല് ലക്ഷം രൂപയാണ് വകയിരുത്തിയത്. ഭരണ സമിതിയുടെ 1(6)/23.12.2024 തീരുമാന പ്രകാരം ആവശ്യമായ ഉപകരണങ്ങൾ ജെം പോർട്ടൽ മുഖേന വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആംടെക്ക് സൊല്യൂഷൻസ് വട്ടമ്പലം , മണ്ണാർക്കാട് എന്ന സ്ഥാപമാണ് ഉപകരണങ്ങൾ സപ്ളൈ ചെയ്ത് സ്ഥാപിച്ചിട്ടുള്ളത്. BRN 2415135200160l487942/10.03.2025 പ്രകാരം രണ്ട് ലക്ഷം രൂപയും , തനത് ഫണ്ടിൽ നിന്ന് 199999 രൂപയും (വൗച്ചർ നമ്പർ. 22401240/23-03-2025) സപ്ളൈയർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേഡിയം പരിശോധിച്ചു. അഞ്ച് ഇനങ്ങൾ ഉൾപ്പെടുന്ന വർക്ക് ഔട്ട് ഉപകരണങ്ങൾ ഗ്രൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിച്ച ഉപകരണങ്ങൾ , അവയുടെ വില എന്നിവ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | Double Chest Presser | 99999 |
| 2 | Double Wheel Shoulder Builder | 50000 |
| 3 | Double Sit Up Board | 50000 |
| 4 | Leg Press | 99001 |
| 5 | Standing And Seating Twister | 50000 |
| 6 | Single Air Walker | 50000 |
| | | 399000 |

പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. Double Wheel Shoulder Builder എന്ന ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഉപകരണത്തിന്റെ ഒരു വീൽ ഊരി പോവുകയും തൊട്ടടുത്ത വീട്ടിൽ സൂക്ഷിക്കുകയും ചെയ്തതായി വ്യക്തമായി. ഈ ഉപകരണം പുനസ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

2. ജെം രേഖകൾ പ്രകാരം രണ്ട് വർഷ വാറന്റി രേഖപ്പെടുത്തിയിട്ടുണ്ട്. സപ്ളെയറുമായി കരാർ വെക്കാതെയാണ് പെയ്മന്റ് നടത്തിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തി 19/24-06-2025 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കേടായ ഉപകരണം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും, രണ്ട് വർഷ വാറന്റി രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്തു. വാറന്റി കാലയളവിനുള്ളിലെ മെഷിനറിയുടെ പിഴവുകൾ സപ്ലയറെകൊണ്ട് പരിഹരിക്കാൻ യഥാസമയം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ജലനിധി പഞ്ചായത്ത് വിഹിതം - പൂർത്തീകരണ വിവരം ഇല്ല.

സെക്രട്ടറി നിർവഹണം നടത്തിയ 197/25 പ്രോജക്ട് ജലനിധി പഞ്ചായത്ത് വിഹിതം നൽകൽ എന്നതാണ്. തനത് ഫണ്ട് മൂന്ന് ലക്ഷം രൂപയാണ് വകയിരുത്തിയത്. ചെമ്പൻ കുന്ന് ജലനിധി കുടിവെള്ള പദ്ധതിയുടെ തകർന്ന ടാങ്കിന് പകരം പുതിയ ടാങ്ക് നിർമിക്കുന്നതിന് പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പ്രോജക്ട്. 45 ലക്ഷം രൂപയാണ് ടാങ്ക് നിർമാണ ചെലവ് എന്ന് വാട്ടർ അതോറിറ്റി രേഖകളിൽ നിന്ന് വ്യക്തമാവുന്നത്. ഇതിന്റെ അഞ്ച് ശതമാനം തുക തദ്ദേശ സ്ഥാപന വിഹിതവും പത്ത് ശതമാനം തുക ഗുണഭോക്ത വിഹിതവുമാണ്.

തദ്ദേശ സ്ഥാപനത്തിന്റെ വിഹിതമായ 225000 രൂപയാണ് പ്രോജക്ട് പ്രകാരം ജലനിധിയുടെ അക്കൗണ്ടിലേക്ക് (വൗച്ചർ നമ്പർ. 22401283/29-3-25) നൽകിയിട്ടുള്ളത്. തുകയുടെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ 06/20.06.2025 ഓഡിറ്റ് എൻക്വയറിക്ക് തുക ഗ്രാമ പഞ്ചായത്തിന്റെ തന്നെ (ഈ അക്കൗണ്ട് വാർഷിക കണക്കിൽ KGB 108664 എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട് ) ജലനിധി സുസ്ഥിര അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത് എന്നും പ്രവൃത്തി ഇ ടെണ്ടർ സ്റ്റേജിലാണ് എന്നും അറിയിച്ചു. പ്രവൃത്തിയുടെ പുരോഗതി വിവരം നിരീക്ഷിക്കേണ്ടതാണ്.

## 1-25 വായനശാലകൾക്ക ഫർണിച്ചർ - പൂർണമായും വിതരണം ചെയ്തില്ല

| | |
|---|---|
| പദ്ധതി | പുത്തനഴി സാമൂഹ്യ വികസന സമിതി വായനശാലക്കും അരിമണൽ കോയ മാസ്റ്റർ സ്മാരക വായനശാല, കട്ടത്തി സഹൃദയ വായനശാലകൾക്ക ഫർണിച്ചർ വാങ്ങൽ 501 /25 |
| ചെലവ് | 299682/- തനതുഫണ്ട്. |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം 3 വായനശാലകൾക്കായി ചുവടെ ചേർത്ത് 3 ഇൻവോയ്സുകൾ പ്രകാരം കാഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി വാങ്ങിയ ഫർണിച്ചറുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഇൻവോയ്സ് | ഫർണിച്ചർ കൈപ്പറ്റിയ വായനശാല | റിമാർക്സ് | |
|---|---|---|---|
| NRO/24-25/641/19.03.2025 | പുത്തനഴി സാമൂഹ്യ | ഇൻവോയ്സ് മുഴുവൻ | പ്രകാരമുള്ള സാധനങ്ങളും |

| | | |
|---|---|---|
| | വികസന സമിതി വായനശാല | കൈപ്പറ്റിയതിന്റ രശീതി ഫയലിൽ ഉണ്ട്. (ഏറ്റുവാങ്ങിയ വ്യക്തി – രാജഗോപാലൻ ) |
| NRO/24-25/642/19.03.2025 | അരിമണൽ കോയ മാസ്റ്റർ സ്മാരക വായനശാല | NRO/24-25/642/19.03.2025 നമ്പർ ഇൻവോയ്സിൽ ക്രമ നം.6 പ്രകാരം Steel Book Shelf – 78"X36" X18" With Glass Door 4 Fixed Shelves 2 Nos (@10120.33) വാങ്ങിയിട്ടുണ്ട്. എന്നാൽ, സ്ഥാപനം നൽകിയ രശീതി പ്രകാരം ഒരു Steel Book Shelf മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. |
| NRO/24-25/643/19.03.2025 | കട്ടത്തി സഹൃദയ വായനശാല | NRO/24-25/642/19.03.2025 നമ്പർ ഇൻവോയ്സിൽ ക്രമ നം.4 പ്രകാരം Medium Back Revolving Chair – Cushioned Seat And Back 2 Nos (@5035.59) വാങ്ങിയിട്ടുണ്ട്. എന്നാൽ, സ്ഥാപനം നൽകിയ രശീതി പ്രകാരം ഒരു Medium Back Revolving Chair മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. |

വാങ്ങിയ ഒരു ബുക്ക് ഷെൽഫ് , ഒരു റിവോൾവിങ്ങ് ചെയർ എന്നിവ വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു.
വ്യക്തമായ രേഖകൾ /വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (08/24-25/20.06.2025)
നൽകിയതിനെ തുടർന്ന് അരിമണൽ കോയ മാസ്റ്റർ സ്മാരക വായനശാല പ്രസിഡന്റ് നേരിട്ട് ഹാജരാകുകയും 2024-25
വർഷത്തെ ഗ്രാമ പഞ്ചായത്ത് പദ്ധതി പ്രകാരം ലഭ്യമായ ഫർണിച്ചറുകളിൽ ഇൻവോയ്സ് പ്രകാരമുള്ള 2 Steel Book
Shelf വായനശാലക്ക് ലഭിച്ചിരുന്നു എന്നും എന്നാൽ 25.03.2025 ന് നൽകിയ രശീതിയിൽ 1 എന്നത് തെറ്റായി
രേഖപ്പെടുത്തിയതാണെന്നും ലഭ്യമായ രണ്ട് Steel Book Shelf കളും വായനശാലയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു.
കൂടാതെ കട്ടത്തി സഹൃദയ വായനശാല പ്രസിഡന്റും നേരിട്ട് ഹാജരായി Medium Back Revolving Chair രണ്ടെണ്ണം
ലഭിച്ചിരുന്നു എന്നും ആയത് വായനശാലയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ പദ്ധതി പ്രകാരം ലഭ്യമായ
ഫർണിച്ചറുകളൊന്നും തന്നെ വായനശാലകൾ സ്റ്റോക്കിലെടുത്തിട്ടില്ല. മേൽ വായനശാലകളിൽ നിലവിൽ സ്റ്റോക്ക്
രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലെന്നും വായനശാലയുടെ ആസ്തികൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ
തയ്യാറാക്കുന്നതാണെന്നും അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാത്തതിനാലും
വായനശാലകളുടെ സ്റ്റോക്കിൽ ഇല്ലാത്തതിനാലും ഇവ 2024-25 വർഷത്തെ പദ്ധതി പ്രകാരം നൽകിയവയാണെന്ന്
ഉറപ്പുവരുത്താൻ സാധ്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങുന്ന ഇനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതും ആയത്
കൈപ്പറ്റിയ സ്ഥാപനങ്ങൾ ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നല്കി അവരുടെ സ്റ്റോക്കിൽ ഉൾപ്പെടുത്തുന്നുണ്ടെന്നത്
ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-26 ലൈബ്രറിയുടെ പ്രവർത്തനം ഫലപ്രദമല്ല.

2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം 1-38 ൽ ഗ്രാമ പഞ്ചായത്തിന്റെ ലൈബ്രറിയുടെ പ്രവർത്തനം
വിലയിരുത്തിയിട്ടുണ്ട്. മെമ്പർഷിപ്പ് രജിസ്റ്റർ പൂർണമല്ല , ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയ പുസ്തകങ്ങൾ തിരികെ
വന്നിട്ടില്ല , പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല ,കെട്ടിടത്തിന് ചോർച്ചയുണ്ട് എന്നീ കാര്യങ്ങൾ ശ്രദ്ധയിൽ
പെടുത്തിയിരുന്നു.

ഓഡിറ്റ് പരാമർശത്തിന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ കെ.ടി മാനുമുസ്ലിയാർ സ്മാരക
സാംസ്കാരിക നിലയം ലൈബ്രറിയുടെ മെമ്പർമാരുടെ പേരു വിവരം അടങ്ങിയ രജിസ്റ്ററിൽ കാലികമാക്കിയിട്ടുണ്ടെന്നും,
പുസ്തകങ്ങളുടെ ഇഷ്യൂ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്നും, കെട്ടിടത്തിന്റെ ലൈബ്രറി
ഉൾപ്പെടുന്ന ഭാഗത്ത് ചോർച്ചയുള്ളത് പരിഹരിച്ച് പഞ്ചായത്ത് ആസ്തി സംരക്ഷിക്കുന്നുണ്ടെന്നും ലൈബ്രറിയിൽ
ഉപയോഗപ്രദമായ നിരവധി ഫൈബർ കസേരകൾ, മേശ, അലമാരകൾ, റിവോൾവിംഗ് ചെയർ ഉൾപ്പെടെ

ഫർണ്ണീച്ചറുകൾ 23.10.2020 ന് പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നമ്പർ 128) ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നമ്പർ 129) രേഖപ്പെടുത്തിയിട്ടുണ്ടെന്നും ലൈബ്രേറിയൻ ലൈബ്രറി ചുമതലകൾ മാത്രമാണ് നിർവ്വഹിക്കുന്നതെന്നും ഉള്ള സെക്രട്ടറിയുടെ റിപ്പോർട്ട് യോഗം അംഗീകരിച്ചു. ഓഡിറ്റ് നിർദ്ദേശാനുസരണം ലൈബ്രറി പ്രവർത്തനവുമായി ബന്ധപ്പെട്ട അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി ലൈബ്രറി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയേയും ലൈബ്രേറിയനേയും ചുമതലപ്പെടുത്തി തീരുമാനിച്ചു. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ലൈബ്രറിയിൽനിന്നും ബുക്കുകൾ എടുക്കുന്നതിനും തിരിച്ചേൽപ്പിക്കുന്നതിനും ഏറ്റവും സൗകര്യപ്രദമായ സമയമായ 2 പി എം മുതൽ 5.30 പി എം വരെ ലൈബ്രറി തുറന്ന് പ്രവർത്തിക്കുന്നതിനു തീരുമാനിച്ചു. ആയതിൻറെ അടിസ്ഥാനത്തിൽ സ. ഉ (അച്ചടി)നം 06/2023/.ഉ.ഭ.പ.വ. തീയ്യതി 18.04.2023 പ്രകാരം ലൈബ്രേറിയുടെ പ്രവർത്തി സമയം 2 പി എം മുതൽ 5.30 പി എം വരെ നിശ്ചയിച്ചും തീരുമാനിച്ചു. ആയത് പ്രകാരം ഒഫീസ് ഉത്തരവ് പുറപ്പെടുവിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു എന്നും മറുപടി നൽകിയിട്ടുണ്ട്. 25.06.2025 ന് ലൈബ്രറി സന്ദർശിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പാർട്ട് ടൈം ലൈബ്രേറിയൻ ആണ് പഞ്ചായത്തിലുള്ളത്. 04/24 ൽ 20670 രൂപ നിരക്കിലും , 05/24 മുൽ 21130 രൂപ അടിസ്ഥാന ശമ്പളം നിരക്കിലും വേതനം നൽകി വരുന്നുണ്ട്.

2. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. സ്റ്റോക്ക് പ്രകാരം നിലവിൽ 1480 ബുക്കുകൾ ഉണ്ട്. സ്റ്റോക്ക് വിവരങ്ങൾ എക്സൽ / വേർഡ് ഫോർമാറ്റിൽ രേഖപ്പെടുത്തി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

3. ലൈബ്രറിയിൽ ആകെ 17 മെമ്പർമാർ മാത്രമാണുള്ളത് എന്ന് മെമ്പർഷിപ്പ് രജിസ്റ്റർ വ്യക്തമാക്കുന്നു. ഇതിൽ 5 മെമ്പർമാർ 2024-25 വർഷം ചേർന്നവരാണ്.

4. 12.11.2021 മുതൽ 14.05.2025 വരെ ആകെ 80 ബുക്കുകൾ മാത്രമാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. അവസാനമായി ബുക്ക് ഇഷ്യൂ ചെയ്തത് 14.05.2025 തിയ്യതിയിലാണ്.

5. കെട്ടിടത്തിന് ചോർച്ചയുണ്ട്. ബുക്ക് ഷെൽഫിന്റെ മുകളിലേക്ക് വെള്ളം നിലവിലും തുള്ളിയായി വീഴുന്നുണ്ട്. ആയത് പരിഹരിച്ച എന്ന മറുപടി വസ്തുതാപരമല്ല.

ലൈബ്രറിയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 27/26.06.2025 നമ്പർ എൻക്വയറി പ്രകാരം അപാകത സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പരിരക്ഷക്ക് മരുന്ന് - മുൻകൂറായി തുക നൽകി -മുഴുവൻ തുകക്കുള്ള മരുന്നുകൾ ലഭ്യമായില്ല.

| ക്രമ നം | പദ്ധതി | നൽകിയ തുക | ബിൽ നം |
|---|---|---|---|
| 1 | പരിരക്ഷ മരുന്ന് വാങ്ങൽ 221/25<br>അടങ്കൽ: 8,00,000/- (റോഡിതരം)<br>ചെലവ് : 8,00,000/- (റോഡിതരം) | 8,00,000 | BRN.24151352029801311002/11.02.25-700000/-<br>BRN.24151352029801498592/11.03.25-100000/- |
| 2 | പരിരക്ഷ അനുബന്ധ പ്രവർത്തനങ്ങളും മരുന്ന് വാങ്ങലും 195/25<br>അടങ്കൽ: 16,00,000/-(വികസന ഫണ്ട് ജനറൽ)<br>ചെലവ് : 15,91,333/- | 3,00,000 | BRN.24151352029801498597/11.03.25-300000/- |
| | ആകെ | 11,00,000/- | |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പ്രൊഫോർമ ഇൻവോയിസ് നമ്പർ. PRF-1140/06.09.2024 പ്രകാരം 7,00,000/- രൂപയും പ്രൊഫോർമ ഇൻവോയിസ് നമ്പർ. PRF-3968/03.03.2025 പ്രകാരം 1,00,000/- രൂപയും PRF-3969/03.03.2025 പ്രകാരം 3,00,000/- രൂപയും മുൻകൂറായി നല്കിയിരുന്നു. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ

വിവരം ഇൻവോയ്സ് രേഖകൾ സഹിതം അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 26/24-25/26.06.2025 നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരം മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.

| ക്രമനം | പ്രൊഫോർമ ഇൻവോയിസ് നമ്പർ | ലഭ്യമായ മരുന്ന്(ഇൻവെയ്സ്, തുക) | അവശേഷിക്കുന്നത് |
|---|---|---|---|
| 1 | PRF-1140/06.09.2024 – 7,00,000/- | 2013/25.02.25- 62732/-<br>131/16.04.25 – 39362/-<br>209/23.04.25- 68677/-<br>348/05.05.25 – 100829/-<br>778/02.06.25- 62646/-<br><br>ആകെ – 334246/- | 365754/- |
| 2 | PRF-3968/03.03.2025 – 1,00,000/- | 542/19.05.25 – 34144/- | 65856/- |
| 3 | PRF-3969/03.03.2025 – 3,00,000/- | ഇല്ല | 3,00,000/- |
| | ആകെ 11,00,000/- | 368390/- | 731610/- |

സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതം വിവരം ശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-28 വിൽസ് സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തുന്നില്ല.

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കലറിന്റെയും തുടർച്ചയായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതായി രേഖപ്പെടുത്തിത്തിയിട്ടില്ല . VEELS ലോഗിനിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വാഹനം , ഹരിതകർമ്മ സേനയുടെ ആവശ്യത്തിനായി വാങ്ങിയ വാഹനം എന്നിവയും അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിലെ ആവശ്യങ്ങൾക്കായി വാടകക്കെടുത്ത കാറും ഉണ്ട്. എന്നാൽ ഈ വാഹനങ്ങളുടെ വിവരങ്ങളും, ഡ്രൈവർ തുടങ്ങിയവരുടെ വിവരങ്ങളും നാളിതുവരെ വീൽസിൽ ചേർത്തിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഇത് സംബന്ധിച്ച ഫയലോ മറ്റ് രേഖകളോ ഉണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാഹനങ്ങളെയും സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ VEELS ൽ ചേർക്കാൻ യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി 33/26.06.2025 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-29 മുൻകൂർ തുക നൽകി- ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയില്ല-

പ്രൊജക്റ്റ് നമ്പർ : 211/25

പ്രൊജക്റ്റിന്റെ പേര് : ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 400000

ചെലവ് : 400000

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് റോഡിതരം- 400000

ബിൽ നമ്പർ / തീയതി : 24151352030401142099 / 07-01-2025 - 400000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് നാല് ലക്ഷം രൂപ മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ 238774 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത് (ടാക്സ് ഇൻവോയ്സ് നം. LF-329). ബാക്കി 161226 രൂപയുടെ മരുന്നുകൾ നാളിതുവരെ ഹോമിയോ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല.
ആയത് ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 12/2024-25, തീയതി:23.06.2025 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇല്ലെങ്കിൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## I-30 ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക തുക നൽകി - 50430 രൂപ നഷ്ടം

| പദ്ധതി | നിർവ്വഹണം | അടങ്കൽ | വിനിയോഗിച്ച തുക |
|---|---|---|---|
| അംഗനവാടി പൂരക പോഷകാഹാര പദ്ധതി 04/25 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2422146 /- (വികസന ഫണ്ട് - ജനറൽ) 5253232/- കേന്ദ്രാവിഷ്കൃത ഫണ്ട്) 324622/- (തനതുഫണ്ട്) ആകെ- 8000000/- | 2422146 /-(വി.ഫ.ജ) 5253232/- കേന്ദ്രാവിഷ്കൃത ഫണ്ട്) 284909/-( തനതുഫണ്ട്) ആകെ-7960287/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മുകളിൽ പരാമർശിച്ച പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയതിൽ ഇരട്ടിപ്പ് വന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ /ചെക്ക് നം | ചെലവ് വിവരം | റിമാർക്സ് |
|---|---|---|
| 22400904/16.01.2025 – 510760/- കേന്ദ്രാവിഷ്കൃത ഫണ്ട്) | Kerala State Civil Supplies Corporation- 460330/- (Issue No.24272/28-122024- 460330/-) ഷിബു.ആർകെ- ട്രാൻസ്പോർട്ടേഷൻ ചാർജ് 50430/- | 29.05.24- 270 X2.95= 797<br>06.07.24- 17561<br>29.07.24- 6891/-<br>02.08.2024- 835/-<br>24.10.24- 9024/-<br>26.09.24- 14806/-<br>30.08.2024- 516/- |
| ചെക്ക് നം. 05232056/22.03.2025 – 105878/-( തനതുഫണ്ട്) | ഷിബു.ആർകെ- ട്രാൻസ്പോർട്ടേഷൻ ചാർജ് 105878/- (594069/24.03.2025 നമ്പർ ചെക്ക് പ്രകാരം നൽകി) | 29.05.24- 270 X2.95= 796.5<br>06.07.24- 17561<br>29.07.24- 6891/-<br>02.08.2024- 834.85/-<br>24.10.24- 9024/-<br>26.09.24- 14806/-<br>30.08.2024- 516.25/-<br>26.12.24 – 15472.75/-<br>28.12.2024- 10425.3/-<br>21.02.2025- 9796.95/-<br>28.02.2025 – 19753.20/-<br>28.03.2025- 5949.85/-<br>28.03.2025 (WBNP)- 14048/- |

ഇത്തരത്തിൽ ഒരേ തിയ്യതിയിൽ വിതരണം ചെയ്യുവസ്തു രണ്ടു ബില്ലുകൾ പ്രകാരവും തുക അനുവദിച്ചതു വഴി 50430/-
രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ കരാറുകാരന് അധികം നൽകിയ തുക തിരികെ അടവാക്കി
വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 34/24-25/26.06.2025 നൽകിയതിനെ തുടർന്ന് അധികം
നൽകിയ 50430/- രൂപ R-G100205-25002338/07-07-2025 നമ്പർ രശീതി പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കി
രേഖകൾ ഹാജരാക്കി. തുക ചെലവഴിക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-31 പുറമ്പോക്ക് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും
സംരക്ഷണവും പൊതു സുരക്ഷയും സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ സി2 –
15471/2018 തിയ്യതി 08.11.2018 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ നദികളുടെ
തീരങ്ങളും തടങ്ങളും ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇത്തരം സ്ഥലങ്ങൾ അന്യാധീനപ്പെടാൻ
അനുവദിക്കാതിരിക്കൽ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയുമാണ്. പുറമ്പോക്ക് സ്ഥലങ്ങൾ, പുഴകൾ,
തോടുകൾ, കുളങ്ങൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥാനവും വിസ്തീർണവും നിർണയിക്കുന്നതിന് പഞ്ചായത്ത് രാജ്
നിയമം വകുപ്പ് 242 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർമാർ നിർവഹിക്കേണ്ട
കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം പഞ്ചായത്ത് സെക്രട്ടറിമാർക്ക് തേടാവുന്നതുമാണ്
എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ തോട്, പുഴ പുറമ്പോക്ക് ഉൾപ്പെടെയുള്ള എല്ലാ കയ്യേറ്റ
ഭൂമിയും അളന്ന് തിട്ടപ്പെടുത്തി 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി
കൈവശം വെക്കുന്നതിന് പിഴ ചുമത്തലും, ഈടാക്കലും ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം നടപടി സ്വീകരിക്കാൻ ഗ്രാമ
പഞ്ചായത്തിന് അധികാരവും ഉണ്ട്.

ഗ്രാമ പഞ്ചായത്തിന് 244.44 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് 96 ക്രമ
നമ്പറുകളിലായി രജിസ്റ്ററിൽ എൻട്രി വരുത്തിയിട്ടുണ്ട്. 1, 2, 4, 5, 6, 7, 8, 10, 11 എന്നീ വാർഡുകളിലാണ് പുറംമ്പോക്ക്
ഭൂമിയുള്ളത് എന്നും വ്യക്തമാവുന്നു. പുറംമ്പോക്ക് രജിസ്റ്റർ, ഭരണ സമിതി തീരുമാനങ്ങൾ എന്നിവ പരിശോധിച്ച് താഴെ
രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. രജിസ്റ്റർ പ്രകാരം 12 വ്യക്തികൾ താമസ ആവശ്യത്തിന് പുറമ്പോക്ക് ഉപയോഗിച്ച് വരുന്നതായി
രേഖപ്പെടുത്തിയിട്ടുണ്ട്. ഇവർ ആകെ 18 സെന്റ് ഭൂമി കൈവശം വെച്ച് വരുന്നതായി വ്യക്തമാവുന്നു. ഇതിൽ 8 പേർക്ക്
കെട്ടിട നമ്പർ അനുവദിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ 12 വ്യക്തികളെ പുനരധിവസിപ്പിക്കേണ്ടവരുടെ വിവരങ്ങൾ
എന്ന രജിസ്റ്ററിലെ പേജ് 127 ഭാഗത്താണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. രജിസ്റ്റർ പ്രകാരം പുറംമ്പോക്ക് എന്നതിൽ പുഴ പുറംമ്പോക്ക് , പഞ്ചായത്ത് റോഡ്, Pwd റോഡ് , നടപ്പാത എന്നിവ
ഉൾപ്പെടുന്നു. ഇതിൽ നടപ്പാത, റോഡ് എന്നിവ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപെട്ടതാവാൻ സാധ്യതയുണ്ട്.
പുഴ പുറംമ്പോക്കിന്റെ വ്യക്തമായ വിവരങ്ങൾ ശേഖരിക്കേണ്ടത് അനിവാര്യമാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

3. രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ പല എൻട്രികൾക്ക് നേരെയും ലീസിന് നൽകി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
എന്നാൽ എത്ര വർഷത്തേക്ക് , എന്ന് മുതൽ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 40 ക്രമനമ്പറുകളിലായി
രേഖപ്പെടുത്തിയ ഭൂമി ഇപ്രകാരം ലീസിന് നൽകിയതായി കാണുന്നു. എന്നാൽ വാർഷിക കണക്ക് പ്രകാരം ലീസ്
ഇനത്തിൽ തുകയൊന്നും വരവായി ബുക്ക് ചെയ്തിട്ടില്ല.

4.രജിസ്റ്റർ ഏത് വർഷം രേഖപ്പെടുത്തിയതാണ് എന്ന് വ്യക്തമല്ല. രേഖപ്പെടുത്തിയ വാർഡുകളുടെ വിവരം
ആധികാരികവും വസ്തുതാപരവും ആണോ എന്നും വ്യക്തമല്ല.

5. അളന്ന് തിട്ടപ്പെടുത്തിയ പുറംമ്പോക്ക് ഭൂമി സംരക്ഷിക്കാനോ , അതിർത്തി നിർണയം നടത്തി കല്ലിടാനോ , പുറം
മ്പോക്ക് ഭൂമി ഏതെല്ലാം എന്ന കാര്യത്തിൽ വ്യക്തതയോ ഇല്ല എന്ന് കയ്യേറ്റങ്ങൾ സംബന്ധിച്ച ഫയലുകളിൽ നിന്ന്
വ്യക്തമാവുന്നു.

6. ഗ്രാമ പഞ്ചായത്തിന്റെ മിനുട്സ് പരിശോധനയിൽ പുറമ്പോക്ക് ഭൂമി കയ്യേറ്റം, മരം വെട്ടിമാറ്റൽ എന്നിവ ചർച്ച
ചെയ്യുന്നതായി കാണുന്നുണ്ട്. 3/1 – 15.05.2024, 18/1 – 16.08.2024, 9/1 – 23.01.2025, 5/1 – 03.03.2025 എന്നീ
തീരുമാനങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാവും. ഇതിൽ പുറംമ്പോക്ക് ഭൂമിയിൽ നിന്ന് മരങ്ങൾ
വെട്ടിമാറ്റുന്നതായ വാർഡ് മെമ്പറുടെ പരാതിയും, പുറമ്പോക്ക് ഭൂമി കയ്യേറി മണ്ണിട്ട് നികത്തുന്നതായ പരാതിയും
ഉൾപ്പെടുന്നു. ഇതിൽ 9/1- 23.01.2025 തീരുമാനത്തിൽ പഞ്ചായത്തിന് കീഴിലുള്ള പുഴകളും കനാലുകളും തോടുകളും
സർവെ നടത്തി അതിർത്തി നിർണയിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

244.44 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട് എങ്കിലും ആയത് സംരക്ഷിക്കാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും, ഭരണ
സമിതിക്കും നിയമപരമായ ഉത്തരവാദിത്തമുണ്ട് എന്ന് ഓർമിക്കുന്നു.

## 1-32 പഞ്ചായത്ത് കാര്യാലയം നവീകരണം - പൊളിച്ച് മാറ്റിയ വസ്തുക്കൾ ലേലം ചെയ്തില്ല

പഞ്ചായത്ത് കാര്യാലയം നവീകരണം (319/25) എന്ന പ്രൊജക്റ്റിൽ പൊളിച്ച മാറ്റിയ Asbestos Sheet, GI Tubes എന്നിവ ലേലം ചെയ്യുന്നതിനുള്ള സർവ്വേ റിപ്പോർട്ട് 01.02.2025-ലെ 35/AE/LSGD/KKD/2024-25 പ്രകാരം അസി. എൻജിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിരുന്നു. സർവ്വേ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പൊളിച്ച് മാറ്റിയ വസ്തു | മൂല്യ നിർണ്ണയം (രൂപ) |
|---|---|---|
| 1 | Asbestos Sheet | 6349 |
| 2 | GI Tubes | 29625 |
| | ആകെ | 35974 |

പൊളിച്ച് മാറ്റിയ വസ്തുക്കൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry No 31/26.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ച് മാറ്റിയ വസ്തുക്കൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 കിണറിന് നെറ്റ് - അധികം നൽകിയ 9366/- രൂപ തിരിച്ചടവാക്കി.

DSR ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 9 Sub Head-ൽ Wood & PVC പ്രവൃത്തികളാണ് പൊതുവായി ഉൾപ്പെടുന്നത്. കൂടാതെ കെട്ടിടങ്ങളുടെ ജനൽ, വാതിൽ, ഫ്രെയിം, ഷട്ടർ, ഫാൾസ് സീലിംഗ്, കെട്ടിടത്തിന്റെ മറ്റ് ഇന്റീരിയർ പ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട സ്റ്റീൽ പ്രവൃത്തികളും 9 Sub Head-ൽ ഉൾപ്പെടുന്നു. Spec Code 9.48 കെട്ടിടങ്ങളുടെ ജനലുകളിൽ MS Grill സ്ഥാപിക്കുന്നതിനുള്ള ഇനമാണെന്ന് ഡാറ്റയിൽ നിന്ന് വ്യക്തവുമാണ്. [Providing And Fixing M.S. Grills Of Required Pattern In Frames Of Windows Etc. With M.S. Flats, Square Or Round Bars Etc. Including Priming Coat With Approved Steel Primer All Complete].

DSR പ്രകാരം 10 Sub Head-ലെ Spec Code 10.25.2 ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ വിവരണം Steel Work Welded In Built Up Sections/ Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required -In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Worksഎന്നതാണ്. ആയതിൽ നിന്നും കിണറുകൾക്ക് നെറ്റുകൾ സ്ഥാപിക്കുന്നതിന് മേൽ Spec Code (10.25.2) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്ന് വ്യക്തമാണ്.

എന്നാൽ പൊതു കിണറുകളുടെ പുനരുദ്ധാരണം(468/25) എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ചെമ്മലപ്പടി പൊതു കിണറിന് നെറ്റ് സ്ഥാപിക്കുന്നതിന് Spec Code 10.25.2 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം Spec Code 9.48.1 (ഇനം 2.10) പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. തെറ്റായ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 1000000/295291 [F C Grant] |
| ടി എസ് | LSGD/CELSGD/EST/102583/2023 (CI 36.44%) |
| കരാർ | 28/AE/LSGD/KKD/2024-25/15.10.2024, (Tender Variation +7%) |
| എം ബുക്ക്/ പ്രൈസ് ID | 102583/2023 |
| കരാറുകാരൻ | Ismail Pathikkadan |
| വൗച്ചർ | 22401271/26.03.2025 |
| നൽകിയ തുക (9.48.1 പ്രകാരം) | 45084/- [ie (182.357 Kg) * (195.81/Kg) + (Tender Variation +7%) + (18% Gst)] |
| നൽകാവുന്ന തുക (10.25.2 പ്രകാരം) | 35718/- [ie (182.357 Kg) * (155.13/Kg) + (Tender Variation +7%) + (18% Gst) |
| കരാറുകാരന് അധികം നൽകിയ തുക 9366/- [45084 - 35718] | |

അപാകതക്ക് വിശദീകരണം നൽകുകയോ, കരാറുകാരന് അധികമായി നൽകിയ 9366/- രൂപ ഈടാക്കി തിരിച്ചടക്കുകയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ (Audit Enquiry No. 11/20.06.2025) 21.06.2025-ലെ R-G100205-25001826/ 21.06.2025 രസീത് പ്രകാരം തുക അടവാക്കി. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ...ാത്ത പ്രവൃത്തികൾക്ക് പണം നൽകി.

ഓഡിറ്റിന്റെ ഭാഗമായി വിവിധ അങ്കണവാടികളുടെ നവീകരണം (336/25) എന്ന പ്രവൃത്തിയുടെ സൈറ്റ് ...ץ് (11 മണിക്ക്) അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ പരിശോധന നടത്തി. സൈറ്റ് ...ദ് എസ്റ്റിമേറ്റ്/മൂല്യ നിർണയപ്രകാരമുള്ള പ്രവൃത്തികൾ ചെയ്തിട്ടില്ലെന്നും തുക അനുവദിച്ചതായും കണ്ടെത്... വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate Id (Price) | 100834/2023 |
| കരാർ | 12/AE/LID&EW/KKD/2023-24/14.12.2023 |
| കരാറുകാരൻ | ഗിരീഷ് യു പി |
| മൂല്യ നിർണ്ണയം നടത്തിയത് | 23.03.2025 |
| വൗച്ചർ | 96/2024-25/27.03.2025 |

**സൈറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

1. എസ്റ്റിമേറ്റിലെ ഇനം 2.13 – ആയി ഇരിങ്ങാട്ടിരി അംഗനവാടിയിൽ 35.42 മീറ്റർ നീളത്തിൽ മേൽക്കൂരയിലെ മഴവെള്ളം ശേഖരിക്കുന്നതിന് UPVC ഉപയോഗിച്ച് Rain Water Gutter സ്ഥാപിച്ചതായി M Book ൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ സൈറ്റിൽ പ്രസ്തുത പ്രവൃത്തി ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.
2. എസ്റ്റിമേറ്റിലെ ഇനം 3.3 – ആയി പയ്യക്കോട് അംഗനവാടിയിൽ 7.1 മീറ്റർ നീളത്തിൽ മേൽക്കൂരയിലെ മഴവെള്ളം ശേഖരിക്കുന്നതിന് UPVC ഉപയോഗിച്ച് Rain Water Gutter സ്ഥാപിച്ചതായി M Book ൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ UPVC ക്ക് പകരം PVC കൊണ്ടുള്ള Rain Water Gutter ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു.
3. ഇരിങ്ങാട്ടിരി അംഗനവാടി, കമ്പിപാലം അംഗനവാടി, നാഗത്താൻകുന്ന് അംഗനവാടി എന്നിവിടങ്ങളിൽ പെയ്ന്റ് ചെയ്യുന്നതിന് Spec Code 13.46.1 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത ഇനം പ്രൈമർ പെയ്ന്റ് അടിച്ചതിന് ശേഷം Acrylic Exterior പെയ്ന്റ് അടിക്കുന്നതിനുള്ള നിരക്ക് ആണ്. എന്ന് സൈറ്റ് പരിശോധനയിൽ Acrylic Exterior പെയ്ന്റ് ചെയ്തായി ഉറപ്പുവരുത്തുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. Spec Code 13.46.1 പ്രകാരമുള്ള ഗുണനിലവാരമുള്ള പെയ്ന്റിംഗ് പ്രവർത്തി ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സൈറ്റ് പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry No.20/25.06.2025) അസി. എൻജിനീയർ ലഭ്യമാക്കിയ വിശദീകരണം (Letter No: Audit/2024-25/AE Dated 25.06.2025) ചുവടെ ചേർക്കുന്നു.

- ക്രമ നമ്പർ 1 പ്രകാരമുള്ള പ്രവൃത്തി കമ്പിപ്പാലം അങ്കണവാടിയിലാണ് ചെയ്തിട്ടുള്ളത് എന്നും ആയത് M Book-ൽ കുറിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വന്ന പിശക് ആണ് അപാകതക്ക് കാരണമെന്നും അസി. എൻജിനീയർ അറിയിച്ചു. അസി. എൻജിനീയറുടെ വിശദീകരണം വസ്തുതാപരമാണെന്ന് M Book പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. കൂടാതെ UPVC ക്ക് പകരം PVC കൊണ്ടുള്ള Rain Water Gutter ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന ഓഡിറ്റ് പരാമർശം വസ്തുതാപരമാണെന്നും അധികം നൽകിയ തുക (5669/-രൂപ) തിരിച്ചടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
- UPVC ക്ക് പകരം PVC കൊണ്ടുള്ള Rain Water Gutter ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന ഓഡിറ്റ് പരാമർശം (ക്രമ നമ്പർ 2) വസ്തുതാപരമാണെന്നും അധികം നൽകിയ തുക (1072/-രൂപ) തിരിച്ചടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
- ഇരിങ്ങാട്ടിരി അംഗനവാടി, കമ്പിപാലം അംഗനവാടി, നാഗത്താൻകുന്ന് അംഗനവാടി എന്നിവിടങ്ങളിൽ എസ്റ്റിമേറ്റ്/മൂല്യ നിർണയപ്രകാരമുള്ള ഗുണനിലവാരത്തിൽ (Spec Code 13.46.1) പെയ്ന്റിംഗ് പ്രവർത്തി ചെയ്തിട്ടില്ലെന്ന ഓഡിറ്റ് പരാമർശം (ക്രമ നമ്പർ 3) വസ്തുതാപരമാണെന്നും അധികം നൽകിയ തുക (30696/-രൂപ) തിരിച്ചടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

26.06.2025-ലെ R-G100205-25001901 നമ്പർ രസീതി പ്രകാരം 37437/- രൂപ കരാറുകാരൻ തിരിച്ചടവാക്കി.

**ഓഡിറ്റ് നിരീക്ഷണം.**

ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ചിട്ടുള്ള കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരത്തിൽപ്രവൃത്തി ചെയ്യുന്നതിന് ബാധ്യസ്ഥനാണ്. ആയത് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് സൈറ്റ് ചുമതലയുള്ള ഓവർസിയർ, അസി. എൻജിനീയർ എന്നിവരുടെ ബാധ്യതയുമാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരത്തിൽ പ്രവൃത്തി ചെയ്യാതെ ഓഡിറ്റ് കണ്ടെത്തുമ്പോൾ തുക തിരിച്ചടവാക്കാം എന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. തുടർന്... ഓഡിറ്റിൽ മേൽ വിഷയം കർശനമായി നിരീക്ഷിക്കുന്നതും, ഭാവിയിൽ ഇത്തരം വീഴ്ച്ചകൾ വരുത്തുന്നത് കരാറുകാ... ഓവർസിയർ, അസി. എൻജിനീയർ എന്നിവരുടെ ഭാഗത്തുന്നുള്ള ഗുരുതര കൃത്യ വിലോപമായി കണക്കാക്കി ഓ... പരിശോധിക്കേണ്ടതും നടപടി സ്വീകരിക്കുന്നതുമാണ്. മേൽ ഓഡിറ്റ് പരാമർശം പഞ്ചായത്ത് ഭരണ സമിതി പരിശോധിക്കേണ്ടതും ഓ...

റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അഭിപ്രായം അറിയിക്കേണ്ടതുമാണ്.

## 1-35 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I). പ്രവൃത്തികളുടെ നടത്തിപ്പ്.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 270 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 116 പ്രൊജക്ടുകളിലായി ആകെ 44633138/- രൂപയാണ് ചെലവഴിച്ചത്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 270 |
| ആകെ അടങ്കൽ (രൂപയിൽ) | 85664512 |
| പൂർത്തീകരിച്ച/ ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | 116 |
| ഫണ്ട് ചെലവഴിച്ചത് (രൂപയിൽ) | 44633138 |
| ചെലവ് ശതമാനം | 52% |

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഫണ്ടുകളും ഗ്രാന്റുകളും ലാപ്സാകുന്നുണ്ട്. പ്രൊജക്ടുകൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

III). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-36 മൂന്ന് കോടി രൂപയുടെ മെയ്ന്റനൻസ് ഗ്രാന്റ് ലാപ്സായി.

പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2024-25 സാമ്പത്തിക വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് റോഡ്, മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ 3 കോടി രൂപ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 42817000 | 14937169 | 27879831 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 9625000 | 7410210 | 2214790 |
| ആകെ | 52442000 | 22347379 | 30094621 |

പഞ്ചായത്തിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണം, സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ആധുനിക വൽക്കരണം എന്നിവക്കാണ് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലമാണ് ഗ്രാന്റ് ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികളുടെ നിർവ്വഹണത്തിലെ കോർഡിനേഷൻ കാര്യക്ഷമമാക്കി തുടർ വർഷങ്ങളിൽ ഫണ്ട് ലാപ്സാവുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## -37 സൗരോർജ്ജ വേലി നിർമ്മാണത്തിന് സഹായം-തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

പ്രൊജക്ട് ; 175/25 സൗരോർജ്ജ വേലി നിർമ്മാണത്തിന് സഹായം

ടങ്കൽ- 8,28,070 രൂപ

ലവ്- 1,75,660

ബിൽ/വൗച്ചർ- BRN.2451352029501618728/21.03.2025- 175660/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ
പ്രോജക്ടിൽ താഴെ പട്ടികയിൽ പറയും പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | നിർമ്മിച്ച സൗരോർജ്ജ വേലിയുടെ നീളം | കൃഷി ഭൂമിയുടെ വിസ്തീർണ്ണം | സമർപ്പിച്ച വൗച്ചറുകൾ പ്രകാരമുള്ള ചെലവു തുക | വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | രാജഗോപാലൻ എം.പി. മഞ്ചേരി | 357 M | 1.38 | 73784 | 98175 | 25000 |
| 2 | പറമ്പിൽ മാധവൻ കുട്ടി | 650 M | 0.5734 | 47057 | 91000 | 18270 |
| 3 | കുറ്റേടത്ത് സുലേഖ | 265 M | 0.4014 | 39064 | 53164 | 19530 |
| 4 | കട്ടശ്ശേരി ഖാലിദ് | 280 M | 1.3777 | 47983 | 62783 | 23980 |
| 5 | ആര്യാടൻ മുഹമ്മദലി | 400 M | 0.947 | 41326 | 56000 | 20640 |
| 6 | പുത്തൻപീടിക രതീഷ് | 340 M | 0.3985 | 26535 | 47600 | 13260 |
| 7 | കുറ്റത്തേടത്ത് അബ്ബാസ് | 260 M | 0.8495 | 29211 | 41311 | 14600 |
| 8 | ആര്യാടൻ അബൂബക്കർ | 350 M | 0.77 | 43306 | 49000 | 21640 |
| 9 | പുത്തൻപീടിക മറിയ മഠത്തിൽ | 280 M | 0.40 | 37512 | 39200 | 18740 |
| ആകെ | | | | 3,85,778 | | 1,75,660 |

1.ഗുണഭോക്താക്കൾ സമർപ്പിച്ച ബില്ലുകളുടെയും മൂല്യനിർണ്ണയത്തിന്റെയും അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിക്കുന്നത്. എന്നാൽ ഇതിനു സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല. ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചതായി കാണുന്നത്. ഏതെങ്കിലും ഒരു പൊതുമാനദണ്ഡം സ്വീകരിച്ചതായി കാണുന്നില്ല.

2.നിർമ്മിച്ച വേലിയുടെ നീളത്തിന്റെ അടിസ്ഥാനത്തിലല്ല തുക അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ചാണെങ്കിൽ ക്രമനമ്പർ 1 ന് 70/M നിരക്കിലാണ് നൽകിയിട്ടുള്ളത്. ക്രമ നമ്പർ 2 – 28/M, ക്രമ നമ്പർ 3 – 73.69/M, ക്രമ നമ്പർ 4– 85.64/M തുടങ്ങി ഓരോ ഗുണഭോക്താവിനും വ്യത്യസ്ത നിരക്കിലാണ് തുക അനുവദിച്ചത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24-25/26.06.2025) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ – ചെലവ് പത്രികയിൽ അവ്യക്തത.

സെക്രട്ടറി നിർവഹണം നടത്തുന്ന 43 പ്രോജക്ടുകളാണ് 2024-25 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ മൂന്ന് പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും അവശേഷിച്ചവ പുതിയ പ്രോജക്ടുകളുമാണ്. 32 പ്രോജക്ടാണ് നിർവഹണം നടത്തിയത് എന്ന് ചെലവ് പത്രികയിൽ നിന്ന് വ്യക്തമാവുന്നു. സുലേഖ ചെലവ് പത്രിക സോഫ്റ്റ് വെയർ ജനറേറ്റഡ് രേഖയാണ്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ ശരിയായ വിവര പ്രതിഫലിക്കുന്നതല്ല ചെലവ് പത്രിക എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1 – ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ പൊതു വിഭാഗം സാധാരണ വിഹിതം 3354020 രൂപ ചെലവഴിച്ച തുക 10396549 രൂപയുമാണ്. ഇവിടെ ആകെ വകയിരുത്തിയ തുകയേക്കാൾ ചെലവ് വന്നതാ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, തുക വകയിരുത്തൽ ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയതാ വ്യക്തമാവുന്നു.

3 - ചെലവ് പത്രിക പ്രകാരം എസ്.സി.പി വിഹിതം വകയിരുത്തിയ പ്രോജക്ടുകളുടെ ആകെ ഇക 140000 രൂപയാണ്.
എന്നാൽ ചെലവഴിച്ച ഇക 2247498 രൂപയുമാണ്.

4 - ചെലവ് പത്രിക പ്രകാരം ടി.സ്.പി വിഹിതം വകയിരുത്തിയ പ്രോജക്ടുകളുടെ ആകെ ഇക 159101 രൂപയാണ്.
എന്നാൽ ചെലവഴിച്ച ഇക 149316 രൂപയുമാണ്

ആധികാരിക രേഖയായി പരിഗണിക്കാവുന്നവയാണ് സുലേഖ ചെലവ് പത്രിക. എന്നാൽ ഓരോ Raw യിലെയും Column ത്തിലെയും ഇകകൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. സോഫ്റ്റ് ഡിഡക്ഷൻ വരുന്ന ലൈഫ് ലോൺ തിരിച്ചടവ്, അംഗനവാടി ജീവനക്കാരുടെ വേതനം ഇടങ്ങിയ ജി.ഒ പ്രോജക്ടുകളുടെ ചെലവ് ബുക്ക് ചെയ്യുന്നത് തെറ്റായ രീതിയിലാണ് എന്ന് ചെലവ് പത്രിക വ്യക്തമാക്കുന്നു. 563/25 ,564/25, 565/25, 566/25, 567/25, 568/25, 569/25 പ്രോജക്ടുകളിൽ വകയിരുത്തൽ ഇല്ലാതെയാണ് ചെലവ് ബുക്ക് ചെയ്യുന്നത്. ഒരു പ്രോജക്ടിന് ഇക വകയിരുത്താതെ ചെലവ് ബുക്ക് ചെയ്യുന്നത് കണക്കുകളിലെ ആധികാരികത നഷ്ടപ്പെടുത്തുന്ന ഘടകങ്ങളാണ്. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. യുക്തമായ പരിശോധന നടത്തി ഈ വ്യത്യാസം വന്നത് ബന്ധപ്പെട്ട അധികാരികളുടെയും സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി 26/29.08.2024 പ്രകാരം അപാകത സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഈ വിഷയം** സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-39 ഇൻവോയ്സ് പ്രകാരമുള്ള 15006 രൂപയുടെ മരുന്ന് സ്റ്റോക്കിലില്ല.

പ്രോജക്റ്റ് നമ്പർ : 209/25
പ്രൊജക്റ്റിന്റെ പേര് : ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ : 10,00,000/-
ചെലവ് : 999999
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് റോഡിതരം- 1000000
ബിൽ നമ്പർ / തീയതി : 24151352030201106943 / 30-12-2024 – 500000/-
ബിൽ നമ്പർ / തീയതി : 24151352030200996520 / 07-12-2024 – 499999
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

മേൽ പദ്ധതിപ്രകാരം മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സുകളും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധിച്ചു. ഇന്റൻഡ് പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ പെർഫോമ ഇൻവോയ്സ് നമ്പർ 222967/15.11.2024 ലെ ഗുലു ഗുലുമാരി ജാതി തൈലം, രസോത്തമാദി ലേപം എന്നീ മരുന്നുകൾ ഇൻവോയ്സ് നമ്പർ 90 38 0 869/29.03.2025 പ്രകാരം ആശുപത്രിക്ക് ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ മരുന്നുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/2024-25, തീയതി : 23. 06.2025 ന് മേൽ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഇടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക്

തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന മെഡിസെപ്പ് പ്രീമിയം തുകയുടെ കൃത്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22.02.2025 ലെ കത്തിൽ നിർദേശിച്ചിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം (01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 20 | 88000 | 88000 | ഇല്ല | |

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ഇല്ല

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ഇല്ല

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ഇല്ല

ഓഡിറ്റ് അന്വേഷണം (3/17-6-2025) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 110/25 | DB/KARUVARAKUNDU GP/ KVKD/24-25/67/4/10/2024 Dtd04-11-2024 | 38894 | 38894 | പൂർത്തീകരിച്ചിട്ടുണ്ട് | 0 |
| | | DB/ES-KVKD/GP-KVKD/2024-25/78 Dtd28-01-2025 | 19874 | 19874 | പൂർത്തീകരിച്ചിട്ടുണ്ട് | 0 |
| | | DB/KSEB/KALIKAVU/ DEMAND NOTE/2024-25/111 Dtd 04-02-2025 | 19652 | 19652 | പൂർത്തീകരിച്ചിട്ടുണ്ട് | 0 |
| | | DB/ES-KVKD/GP-KVKD/2024-25/84 Dtd28-01-2025 | 14538 | 14538 | പൂർത്തീകരിച്ചിട്ടുണ്ട് | 0 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ വലിക്കൽ 263/25 | DB/KARUVARAKUNDU GP/ KVKD/23-24/103 Dtd 22-02-2025 | 1500000 | 0 | പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 1500000 |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ | DB/KARUVARAKUNDU GP/ KVKD/23-24/103 Dtd | 227900 | 0 | പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 227900 |

| | | | | | | |
|---|---|---|---|---|---|---|
| | 200/25 | 22-02-2025 | | | | |
| PWD-ELECTRONICS DIVISION | പഞ്ചായത്ത് ഓഫീസിൽ സിസിടിവി നെറ്റ് വർക്ക് സിസ്റ്റം സ്ഥാപിക്കൽ 229/25 | ELCSN/MJRI/W-62/2024-25 Dtd 01-10-2024 | 300000 | 0 | പ്രവർത്തി ആരംഭിച്ചിട്ടില്ല | 300000 |
| | ഗ്രാമപഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൌണ്ട് സിസ്റ്റം വാങ്ങൽ 374/25 | ELCSN/MJRI/W-62/2024-25 Dtd 01-10-2024 | 200000 | 0 | പ്രവർത്തി ആരംഭിച്ചിട്ടില്ല | 200000 |
| ANERT | വീട്ടിക്കുന്ന് നാഗത്താൻകുന്ന് അമ്പാടൻ എസ് സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 561/25 | 04/GEN/ANERT/ MLPM/2024-25 Dtd 17-02-2025 | 530991 | 0 | പ്രവർത്തി ആരംഭിച്ചിട്ടില്ല | 530991 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 21585707 (2024-25) | 89968152 | 7772143 | 0 | 103781716 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|---|
| 1 | 2019-20 | 1-25-1 & 3-1-1 | 8287 | മുരളീകൃഷ്ണൻ സി.ആർ, അസി.എഞ്ചിനീയർ | 1240401616-31/07/2024 |
| 2 | 2019-20 | 1-26-2 & 3-2-2 | 29770 | മുരളീകൃഷ്ണൻ സി.ആർ, അസി.എഞ്ചിനീയർ | 1240401617-31/07/2024 |
| 3 | 2023-24 | Proj No. 248/24 | 7830 | സനാഉള്ള. ടി.പി , PWD Contractor , | 1240402048-26/09/2024 |

| | | | | | |
|---|---|---|---|---|---|
| | | | | കരുവാരക്കുണ്ട് | |
| 4 | 2023-24 | 1-21 | 15456 | ഹിഷാം ടി | 1240402186-08/10/2024 |
| 5 | 2023-24 | 1-20 | 10889 | ഹിഷാം ടി | 1240402289-21/10/2024 |
| 6 | 2023-24 | 1-13 | 780 | Phoenix Secience Institute | 1240402376-05/11/2024 |
| 7 | 2023-24 | 1-13 | 1250 | Phoenix Secience Institute | 1240402377-05/11/2024 |
| 8 | 2023-24 | 1-13 | 1250 | Indiragandi Co-Operative Society | 42400625-25/11/2024 |
| 9 | 2023-24 | 1-13 | 1250 | Indiragandi Co-Operative Society | 42400626-25/11/2024 |
| 10 | 2023-24 | 1-13 | 2500 | Indiragandi Co-Operative Society | 42400627-25/11/2024 |
| 11 | 2023-24 | 1-13 | 1250 | ജയലക്ഷ്മി -HM AMLPS Iringattiri | 1240402521-26/11/2024 |
| 12 | 2023-24 | 1-13 | 2500 | മുഹമ്മദ് ഇസ്മായീൽ & ഏലിയാമ്മ, GHSS കരുവാരക്കുണ്ട് | 1240402531-27/11/2024 |
| 13 | 2023-24 | 1-13 | 2500 | ഫൌസിയ എ.പി, & നഫീസ വി GUPS Pazhayakadakkal | 450210101-27/11/2024 |
| 14 | 2023-24 | 1-13 | 300 | Phoenix Science Institute, | 1240402585-29/11/2024 |
| 15 | 2023-24 | 1-13 | 360 | HM, Infant Jesus School , കരുവാരക്കുണ്ട് | 12404025592-29/11/2024 |
| 16 | 2023-24 | 1-13 | 360 | HM, Infant Jesus School , കരുവാരക്കുണ്ട് | 1240402593-29/11/2024 |
| | | ആകെ | 86532 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 63 | 2003-04 | പുന്നക്കാട് ആനവാരിക്കൽ VCB നിർമാണം, | നിയമസഭാസമിതിയുടെ പരിഗണനയിൽ. പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ല. |
| 1999-00 | 45,46 | 2003-04 | ബസ് സ്റ്റാന്റ് ലേലം, പുന്നക്കാട് കളിസ്ഥലം | നിയമസഭാസമിതിയുടെ പരിഗണനയിൽ. പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ല. |
| 2003-04 | 3-3 | 2006-07 | അക്ഷയ SSA പദ്ധതികൾക്ക് അധികച്ചെലവ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | |
|---|---|---|---|---|
| 2003-04 | 3-10 | 2006-07 | മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അധികച്ചെലവ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2003-04 | 3-11 | 2006-07 | മരാമത്ത് പണി അധിക ചെലവ്-വൃദ്ധ, വികലാംഗ വിശ്രമകേന്ദ്രം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2004-05 | 3-12 | 2007-08 | എസ്.ജി.ആർ.വൈ പ്രവൃത്തി-ഭക്ഷ്യധാന്യം അധികം അനുവദിച്ചത് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 3-3<br>3-17<br>3-21 | C K ബാലൻ | LF 4447/Sp.Cell/Sc 5/08 Dt 5.9.09/22.9.09 | 11800<br>5263<br>389877 | ഉത്തരവാദിയായ വ്യക്തി മരണപ്പെട്ടതായി LF M 7/2293/13 Dt 24-12-13 കത്ത് പ്രകാരം അറിയിച്ചു. |
| 2 | 2000-01 | 49 എ<br>67(1)<br>58(3)<br>61(1)<br>70<br>29(a)<br>58(1)(2)(3)<br>32(1)(3)<br>35 | എ എൻ വിജയകുമാരൻ നായർ<br>"<br>" | LF 12829/Spl Cell/ SC5/05/02-03-2007/03-04-07<br>"<br>" | 20023<br>17022<br>6030 | DCRG യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നറിയിച്ചു.<br>DCRG യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നറിയിച്ചു.<br>DCRG യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നറിയിച്ചു. |
| 3 | 2004-05 | 3-8<br>3-9<br>3-10<br>3-11<br>3-12 | C K ബാലൻ | LF/14544/Spl Cell/Sc5/08 11/09 | 326939 | ഉത്തരവാദിയായ വ്യക്തി10-09-2010 ന് മരണപ്പെട്ടതായി LFM 7/2293/13 Dt.24-12-13 കത്ത് പ്രകാരം അറിയിച്ചു. |

## 4-10 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1331000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 148/25 | 1331000 | 0 |
| | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 249/25 | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 245000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് 258/25 | 245000 | 0 |
| | 226965 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 148/25 | 226965 | 0 |

| | | | |
|---|---|---|---|
| 4180000 | ലൈഫ് ഭവന പദ്ധതി ജനറൽ 159/25 | 4180000 | 0 |
| 225000 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങാൻ ധനസഹായം എസ് സി 184/25 | 225000 | 0 |
| 340000 | ലൈഫ് ഭവന പദ്ധതി എസ് സി 105/25 | 340000 | 0 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം.**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 119575092 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120799638 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1030991 |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ആകെ | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 500000 | അസീന ചെറുപള്ളിക്കൽ, സെക്രട്ടറി |
| 1-20 | 530991 | മെയ്ദിനി. പി.എം.അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1030991 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1997-98 | KSA.MPM.7/1497/2022(3) | തീയതി. 21-11-2022 | 28 |
| 1998-99 | KSA.MPM.7/1497/2022(4) | തീയതി. 21-11-2022 | 35 |
| 1999-00 | KSA.MPM.7/1497/2022(5) | തീയതി. 21-11-2022 | 21 |
| 2000-01 | KSA.MPM.7/1497/2022(6) | തീയതി. 21-11-2022 | 12 |
| 2001-02 | KSA.MPM.7/1497/2022(7) | തീയതി. 21-11-2022 | 4 |
| 2003-04 | KSA.MPM.7/1497/2022(9) | തീയതി. 21-11-2022 | 6 |

| | | |
|---|---|---|
| 2004-05 | KSA.MPM.7/1497/2022(10) തീയതി. 21-11-2022 | 10 |
| 2005-06 | KSA.MPM.7/1497/2022(11) തീയതി. 21-11-2022 | 4 |
| 2006-07 | KSA.MPM.7/1497/2022(12) തീയതി. 21-11-2022 | 2 |
| 2007-08 | KSA.MPM.7/1497/2022(13) തീയതി. 21-11-2022 | 3 |
| 2008-11 | KSA.MPM.7/1497/2022(14) തീയതി. 21-11-2022 | 2 |
| 2011-12,12-13 | KSA.MPM.7/1497/2022(15) തീയതി. 21-11-2022 | 29 |
| 2013-14,14-15 | KSA.MPM.7/1497/2022(16) തീയതി. 21-11-2022 | 1 |
| 2015-16 | KSA.MPM.7/3264/16 തീയതി. 23-3-18 | 12 |
| 2016-17 | KSA.MPM.7/1998/17 തീയതി. 31-07-18 | 24 |
| 2017-18 | KSA.MPM.7/1996/18 തീയതി. 05-05-2020 | 15 |
| 2018-19 | KSA.MPM .7/240/20 തീയതി. 09-03-20 | 21 |
| 2019-20 | KSA.MPM.7/965/2022 തീയതി. 19/10/22 | 21 |
| 2020-21 | KSA.MPM.7/2120/2021 തീയതി. 08/02/2022 | 44 |
| 2021-22 | KSA.MPM.7/2891/2022 തീയതി.04/02/2023 | 30 |
| 2022-23 | KSA.MPM.7/1786/23 തീയതി 09.10.2023 | 31 |
| 2023-24 | KSA.MPM.7/1793/23 തീയതി 08.10.2024 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5/3 dated 19-05-2025 and submitted on 22-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Karuvarakundu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karuvarakundu Grama Panchayat as on 31-03-2025

**Date: 10/09/2025**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Karuvarakundu Grama Panchayat for the Year 2024-2025 .

**1.Major Observations**

nil

**2.Other Observations**

1.All statements as per accounting rules are not included in the annual accounts.

2.The asset register has not been updated.

3.Demand entries were not recorded in time.

4.The accuracy of the amount booked under Rent Deposit head in the balance sheet not possible to verify.

5.The accuracy of the amount booked under Action Deposit head in the balance sheet not possible to verify.

6.Amounts in decimal form Includes in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Karuvarakundu Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 78548601.00 |
| Cash | Cash | RP-40(a) | 585463.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1729930.00 |
| 140000000 | Fees & User Charges | RP-4 | 4750281.00 |
| 150000000 | Sale & Hire Charges | RP-5 | 274645.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 28940694.00 |
| 171000000 | Interest Earned | RP-9 | 1438196.00 |
| 311000000 | Earmarked Funds | RP-28 | 1733.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 45663418.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11631351.00 |
| 460000000 | Loans, Advances and Deposits | RP-49 | 270500.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 87234.00 |
| 330000000 | Secured Loans | RP-31 | 21585707.00 |
| 340000000 | Deposits Received | RP-33 | 1665869.00 |
| 350000000 | Other Liabilities | RP-35 | 1535534.00 |
| | **Grand total** | | **198709156.00** |
| | **PAYMENTS** | | |
| | **Operating** | | |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 1047360.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 111565.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8875692.00 |
| 460000000 | Loans, Advances and Deposits | RP-49 | 2886886.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 345406.00 |
| 350000000 | Other Liabilities | RP-35 | 107532729.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 77637983.00 |
| Cash | Cash | RP-40(b) | 271535.00 |



Digitally signed by Azeena
Date: 2025.05.22 17:01:0
Reason: Approval
Location: Kerala

| | | |
|---|---|---|
| | **Grand Total** | **198709156.00** |

**Karuvarakundu Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10486124.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1259688.00 |
| 140000000 | Fee & User Charges | I-4 | 4386545.00 |
| 150000000 | Sale & Hire Charges | I-5 | 278145.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 282497215.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1438196.00 |
| 180000000 | Other Income | I-9 | 100484.00 |
| 190000000 | Prior Period Income | I-19 | -292572.00 |
| | **Total Income** | | **300446397.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14439898.00 |
| 220000000 | Administrative Expenses | I-11 | 2251130.00 |
| 230000000 | Operations & Maintenance | I-12 | 1488735.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13554216.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 87447471.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 35640391.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 39050646.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 85277500.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2388384.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by Azeena
Date: 2025.05.22 17:00:28
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 14788165.00 |
| | **Total Expenditure** | | **296326536.00** |
| | **Gross Surplus / Deficit of income over Expenditure** | | **4119861.00** |
| | **Gross Surplus / Deficit of income over Expenditure** | | **2373430.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2039003.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **1746431.00** |

# Karuvarakundu Grama Panchayat
## BALANCE SHEET

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 48029577.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 62524.00 |
| 312000000 | Reserves | B-3 | 138812173.00 |
| | **Total Reserve & Surplus** | | **186904274.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 34419789.00 |
| | **Total Grants, Contributions for Specific Purposes** | | **34419789.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 103781716.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **103781716.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 720309.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3107062.50 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3827371.50** |
| | **TOTAL LIABILITIES** | | **328933150.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2336251.00 |
| 412000000 | Capital Work in Progress | B-11(b) | 3585857.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3419164.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 51324095.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 188191109.00 |
| 416000000 | Accumulated Depreciation | B-11(a) | -116724730.00 |
| | **Total Fixed Assets** | | **132131746.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by Azeen
Date: 2025.05.22 11:59
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9853440.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 103781716.00 |
| 450000000 | Cash and Bank Balance | B-17 | 77909518.00 |
| 460000000 | Loans, Advances and Deposits | B-18 | 5256730.50 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **196801404.50** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **328933150.50** |